©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

## വ്യവസായവും ധാതുക്കളും

## (INDUSTRY AND MINERALS)

### ആനുകാലിക റിപ്പോർട്ട്

(2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2021 TO 31ST MARCH 2022)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239 (1)പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2022 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്

(Presented on 19th July, 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി IV

# (SUBJECT COMMITTEE IV)

# വ്യവസായവും ധാതുക്കളും

# (INDUSTRY AND MINERALS)

**ആനുകാലിക റിപ്പോർട്ട്**

(2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെ)

**(PERIODICAL REPORT FROM 1ST APRIL 2021 TO 31ST MARCH 2022)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239 (1) പ്രകാരമുള്ളത്]

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

918/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 28 |

# സബ്ജക്ട് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും

## (2021-2023)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. പി. രാജീവ്,

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. വി. ശശി

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ മോഹനൻ ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

1-4-2021 മുതൽ 31-3-2022 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 5 യോഗങ്ങൾ ചേരുകയുണ്ടായി. 21-6-2021, 23-6-2021, 30-6-2021, 7-10-2021, 7-1-2022 എന്നീ തീയതികളിലാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ, The Kerala Coir Workers' Welfare Fund (Amendment) Bill 2021, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവയുടെ പരിഗണന, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം വ്യവസായ പാർക്കുകളുടെ വികസന പുരോഗതി സംബന്ധിച്ച പഠനം എന്നിവയ്ക്കായാണ് പ്രസ്തുത യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 86% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I - സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ
അദ്ധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ
അദ്ധ്യായം III - സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ
അദ്ധ്യായം IV - നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായം VI - (a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2022 ജൂലൈ 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**പി. രാജീവ്,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2022, ജൂലൈ 18.

# റിപ്പോർട്ട്

## അദ്ധ്യായം 1

### സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് 30-6-2021-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2021-ജൂലൈ 22-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. സമിതിയുടെ 2020-21 വർഷത്തെ ആനുകാലിക റിപ്പോർട്ടിന്റെ കരട് 30-6-2021-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2021 ജൂലൈ 26-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 30-6-2021-ലെ യോഗം അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 2021 ജൂലൈ 26-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

### സമിതി പരിശോധിച്ച ബില്ലുകൾ

The Kerala Coir Workers' Welfare Fund (Amendment) Bill 2021, 2021-ലെ കേരള -സൂക്ഷ്മ -ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ 7-10-2021-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും പ്രസ്തുത ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ 2021 ഒക്ടോബർ 11-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ / എസ്.ആർ.ഒ.കൾ വിശദാംശങ്ങൾ

ഇല്ല.

## അദ്ധ്യായം IV

### നിയമസഭാ ചട്ടം 235 എ പ്രകാരം, സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം വ്യവസായ പാർക്കുകളുടെ വികസന പുരോഗതി സംബന്ധിച്ച് പഠനം നടത്തുകയും 7-1-2022-ന് ചേർന്ന യോഗത്തിൽ വകുപ്പുതല ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | |
| 1 | 2 | 3 | 4 |
| XXXVII—വ്യവസായം | 2014-15 | വ്യവസായ വാണിജ്യ വകുപ്പ്, കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം | 10-6-2021 |
| | 2015-16 | വ്യവസായ വാണിജ്യ വകുപ്പ് | |
| | 2017-18 | കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ | |
| | 2018-19 | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ), കൈത്തറി ആന്റ് ടെക്സ്റ്റയിൽസ് വകുപ്പ് | |
| | 2019-20 | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | |
| | 2020-21 | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ്, ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പ് | 12-8-2021 |
| | 2019-20 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | |

| | | | |
|---|---|---|---|
| | 2019-20 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) | 3-11-2021 |
| | 2020-21 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) | |
| | 2010-11<br>2012-13<br>2013-14<br>2017-18 | കേരള സ്റ്റേറ്റ് ഹാന്റിക്രാഫ്റ്റ്സ് അപ്പക്സ് സഹകരണസംഘം (സുരഭി) | |
| | 2010-11<br>2011-12<br>2017-18 | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണസംഘം | |
| | 2010-11<br>2011-12<br>2015-16<br>2016-17 | കേരള സ്റ്റേറ്റ് കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ലിമിറ്റഡ് (കാപ്പെക്സ്) | 16-3-2022 |
| | 2017-18 | കേരള കരകൗശല വികസന കോർപ്പറേഷൻ | |
| XXXVII—<br>വ്യവസായം | 2019-20 | കൈത്തറി- യന്ത്രത്തറി വ്യവസായങ്ങൾ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) | |
| | 2020-21 | സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ദി കേരള സിറാമിക്സ് ലിമിറ്റഡ് | |

അദ്ധ്യായം VI

## (a) 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 51 | 31, 36-46 | 1-30, 32-35, 47-51 | 39 |

## (b) സമിതി പരിഗണിച്ച് അംഗീകരിച്ച മുൻ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നിസെ)

ശിപാർശ

ജീവനക്കാരുടെ ശമ്പള പരിഷ്കരണവും, പെൻഷൻ പരിഷ്കരണവും മൂലമുണ്ടായ അധികച്ചെലവ്, കുടിശ്ശികയായുള്ള ശമ്പളം/പെൻഷൻ, വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവ കണക്കാക്കുമ്പോൾ ബോർഡിന് അനുവദിച്ച തുക കുറവാണെന്നും കൂടാതെ മുൻവർഷങ്ങളിൽ ഈ ഇനത്തിലെ തുക കുറവായതിനാൽ ബോർഡ്, 1991 മുതൽ വകമാറ്റി ചെലവഴിച്ച 7010.59 ലക്ഷം രൂപ കൂടി ചേർത്ത് ആകെ 12108.98 ലക്ഷം രൂപ ബോർഡിന് ബാധ്യത ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ നിന്നും ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 121.0898 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 8)

<u>സ്വീകരിച്ച നടപടി</u>

2020-21 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് നോൺ-പ്ലാൻ സാലറി ഇനത്തിൽ 40,99,45,000 രൂപയും അധിക ധനാനുമതിയായി 8,00,00,000 രൂപയും അടക്കം 48,99,45,000 രൂപ (നാൽപ്പത്തിയെട്ട് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) റിലീസ് ചെയ്തു നൽകുകയും പ്രസ്തുത തുക ബോർഡ് പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(റഫറൻസ് നമ്പർ കെ1/195/2020-വ്യവ-part (1) തീയതി 10-12-2021)

(കാലതാമസ പത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ബോർഡിന്റെ ചില്ലറ വില്പനയ്ക്കുള്ള റിബേറ്റിനും ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ എല്ലാ വർഷവും ഉത്സവകാലങ്ങളിൽ വിവിധ സ്പെല്ലുകളിലായി 10% അധിക റിബേറ്റ് നൽകുന്നതിനും അനുവദിച്ച തുക കുറവാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 9)

<u>സ്വീകരിച്ച നടപടി</u>

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-96-33 കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദിയുടെ ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്-സബ്സിഡികൾ' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ- Part (1) തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ടപ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യ തുക സർക്കാർ അംശദായം നൽകണമെന്നാണെങ്കിലും സർക്കാർ വിഹിതം എല്ലാവർഷവും കൃത്യമായി ലഭിക്കാത്തതിനാൽ ഈ ഇനത്തിലുള്ള കുടിശ്ശിക തുക 7.4879 കോടി രൂപയാണെന്നും ക്ഷേമനിധിയിൽ നിന്ന് പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകുന്നതുൾപ്പെടെയുള്ള പ്രധാന പ്രവർത്തനങ്ങൾ നിറവേറ്റുന്നതിന് കഴിയാത്ത സാഹചര്യമാണെന്നും ഈ ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ചട്ടപ്രകാരമുള്ള സർക്കാർ വിഹിതം കുടിശ്ശികയായ 7.0379920 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 10)

സ്വീകരിച്ച നടപടി

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-95-10 ഖാദി തൊഴിലാളി ക്ഷേമനിധി സംഭാവന' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ- Part (1) തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലെ നിലവിലുള്ള വിൽപ്പനശാലകളുടെ നവീകരണത്തിനും, ആധുനീകരണത്തിനുമായും എറണാകുളം ജില്ലയിലെ കലൂരിൽ ഖാദി ടവറിന്റെ കെട്ടിടം നവീകരിച്ച് 'ഖാദി മാൾ' സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിക്കായി നിലവിലുള്ള ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 11)

<u>സ്വീകരിച്ച നടപടി</u>

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-87-ഖാദിബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗൺ നവീകരിക്കുന്നതിനും' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ- Part (1) തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്ക് (PMEGP) അനുസൃതമായി ഗ്രാമീണ മേഖലയിൽ 500 പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധനസഹായം (മാർജിൻ മണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ 1750 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതാണെന്നും കൂടാതെ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവയും ഖാദിഗ്രാമ വ്യവസായ ബോർഡ് നൽകുന്നുണ്ടെന്നും ബോർഡിന്റെ പ്രത്യേക തൊഴിൽദാനപദ്ധതി ബാങ്കുകളുടെ സഹകരണത്തോടെ വിപുലീകരിക്കേണ്ടതുണ്ടെന്നും സമിതി വിലയിരുത്തുന്നു. പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 12)

<u>സ്വീകരിച്ച നടപടി</u>

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം

സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-85-പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ- Part (1) തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങളായ റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകളുടെ നവീകരണം, ഫയൽ ബോർഡ് യൂണിറ്റുകളുടെ വൈവിധ്യവൽക്കരണം, ഖാദി തുണികൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഉൽപ്പന്ന വികസനം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 24 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 13)

സ്വീകരിച്ച നടപടി

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-72-വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ- Part (1) തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, അടിസ്ഥാന സൗകര്യവികസനം ഒരുക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന

തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 14)

സ്വീകരിച്ച നടപടി

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-71 വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ- Part (1) തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഖാദി നൂൽപ്പ്-നെയ്ത്ത് മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഈ പദ്ധതിയിൽ തൊഴിലാളികൾക്ക് സാങ്കേതിക മാർഗ്ഗനിർദ്ദേശവും നൈപുണ്യ വികസനവും നൽകൽ, മസ്ലിൻ പുനരുജ്ജീവന പദ്ധതി, പ്രാരംഭ ഉൽപാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, ചർക്കകളുടെയും തറികളുടെയും നവീകരണം എന്നിവ ലക്ഷ്യമിടുന്നതായി സമിതി നിരീക്ഷിച്ചു. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 15)

സ്വീകരിച്ച നടപടി

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം

സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-69-സംസ്ഥാനത്ത് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ- Part (1) തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കണ്ണൂർ ജില്ലയിലെ ഏട്ടുകുടുക്കയിൽ നിലവിലുള്ള പരുത്തി സംസ്കരണ യൂണിറ്റ് ഉൽപാദിപ്പിക്കുന്ന സ്ലൈവറിന്റെ സുഗമമായ വിതരണം ഖാദി ഉൽപ്പാദന മേഖലയ്ക്ക് അത്യന്താപേക്ഷിതമാണെന്നും അതിനായി സ്ലൈവർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വകുപ്പുതല ഉൽപ്പാദന കേന്ദ്രങ്ങൾക്കും മറ്റ് ഖാദി സ്ഥാപനങ്ങൾക്കും ആവശ്യമായ സ്ലൈവർ മിതമായ വിലയ്ക്ക് നൽകുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നിലവിലുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 16)

<u>സ്വീകരിച്ച നടപടി</u>

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-66(01) ഖാദി ഗ്രാമ വ്യവസായ വികസനം-ഏട്ടുകടുക്കയിൽ കസവ് നിർമ്മാണ യൂണിറ്റിന്റെ വിപുലീകരണവും നവീകരണവും' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ- Part (1) തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചരണം ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, സ്കൂളുകളിൽ ഖാദി ക്ലബ്ബുകൾ ആരംഭിക്കൽ, ഖാദി ടാഗിലൂടെ ഉൽപ്പന്ന ബ്രാന്റിംഗ്, ബാർ കോഡിംഗ്, ഖാദി ഇന്നോവേഷൻ, വർക്ക് ഷോപ്പ് / ഫെസ്റ്റുകൾ, ഉദ്യോഗസ്ഥർക്കും, ഖാദി ഗ്രാമവ്യവസായ മേഖലയിലെ തൊഴിലാളികൾക്കുമുള്ള പരിശീലനം തുടങ്ങിയ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിലാൽ 2851-00-105-66-(02) ഖാദി ഗ്രാമ വ്യവസായ വികസനം-വാർത്താ വിതരണവും പരിശീലനവും എന്ന ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 17.35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 17 )

സ്വീകരിച്ച നടപടി

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും "2851-00-105-66-(02) ഖാദി ഗ്രാമ വ്യവസായ വികസനം-വാർത്താ വിതരണവും പരിശീലനവും" എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ-Part(1), തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

ഖാദി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഖാദി ബോർഡിനും ജില്ലാ ഓഫീസുകൾക്കും ആവശ്യമായ കമ്പ്യൂട്ടറുകളും മറ്റും വാങ്ങുന്നതിനും മാർക്കറ്റിംഗ് സോഫ്റ്റ്‌വെയർ തയ്യാറാക്കൽ, സെക്യൂരിറ്റി ഓഡിറ്റ്, നെറ്റ് വർക്കിംഗ് മെയിന്റനൻസ്, വെബ്ഹോസ്റ്റിംഗ്, വെബ് മോഡിഫിക്കേഷൻ, ട്രെയിനിംഗ് തുടങ്ങിയ ആവശ്യങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം

വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 18 )

<u>സ്വീകരിച്ച നടപടി</u>

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-66 (03)-ഖാദി ഗ്രാമ വ്യവസായ വികസനം - ഖാദി ബോർഡ് കമ്പ്യൂട്ടർവൽക്കരിക്കൽ ' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ-Part(1), തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ഖാദി പട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിന് തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് ജില്ലകളിൽ 100 തറികൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, നൈപുണ്യ വികസനം/സാങ്കേതിക മാർഗ്ഗനിർദ്ദേശം നൽകൽ മുതലായവയും ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 19 )

<u>സ്വീകരിച്ച നടപടി</u>

2021-22 വർഷം മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും 2021-22 സാമ്പത്തിക വർഷം അനുബന്ധ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗത്തിന് ശേഷവും അധിക ധനവിഹിതം ആവശ്യമാകുന്ന പക്ഷം സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കൂടി കണക്കിലെടുത്ത് അധിക തുക അനുവദിക്കുന്ന

കാര്യം പരിഗണിക്കാവുന്നതായതിനാലും '2851-00-105-64- ഖാദി സിൽക്ക് വീവിംഗ് പ്രോജക്ട് ' എന്ന ശീർഷകത്തിൽ 2020-21 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടില്ല.

(റഫറൻസ് നമ്പർ കെ1/95/2020-വ്യവ-Part(1), തീയതി 10-12-2021)

(കാലതാമസപത്രിക 16-3-2022 ന്- സഭയിൽ സമർപ്പിച്ചു)

ശിപാർശ

പരിസ്ഥിതി മലിനീകരണത്തിനും ഇന്ധനദൗർല്ലഭ്യത്തിനും പരിഹാരമായി സർക്കാർ പ്രഖ്യാപിച്ച ഇലക്ട്രിക് വാഹന പോളിസിക്കനുസരിച്ച് കേരള ആട്ടോമൊബൈൽസ് നിർമ്മിച്ചു വരുന്ന ഇലക്ട്രിക് വാഹനങ്ങളുടെ രൂപ കല്പനയ്ക്കും ഉൽപ്പാദനത്തിനുമായി വിവിധ സാധന സാമഗ്രികൾ വാങ്ങുന്നതിനും പശ്ചാത്തല സംവിധാനം ഒരുക്കുന്നതിനും വ്യാവസായികാടിസ്ഥാനത്തിലുള്ള നിർമ്മാണത്തിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 11.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 38 )

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലെ നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ തുക അനുവദിച്ചില്ല.

(റഫറൻസ് നമ്പർ ഡി3/48/2020-വ്യവ. തീയതി 28-9-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

കെൽട്രോണിന്റെ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും നവീകരിക്കുന്നതിനും പ്രധാന യൂണിറ്റുകളുടെ നിർമ്മാണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗവേഷണ കേന്ദ്രം വികസിപ്പിക്കുന്നതിനും കമ്പനിയുടെ ഉൽപ്പാദന ശേഷിയും ഉൽപ്പന്ന ശ്യംഖലയും വികസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 19.52 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 40 )

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലെ നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപായി പൂർത്തിയാക്കുവാൻ സാധിക്കാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി3/48/2020-വ്യവ. തീയതി 28-9-2021)

(കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു)

## 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3018/സബ്.സി.ബി2 /2019/നി.സെ)

ശിപാർശ

ഖാദിബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നത് ലക്ഷ്യമിട്ട് കമ്പ്യൂട്ടർവൽക്കരണ പ്രക്രിയയുടെ ഭാഗമായി ഖാദി ബോർഡിനും ജില്ലാ ഓഫീസുകൾക്കും ആവശ്യമായ കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യുക, ഇ-ഫയൽ, ഫയലുകളുടെ ട്രാക്കിംഗ്, ഓൺലൈൻ നിരീക്ഷണ സംവിധാനം എന്നിവ ഏർപ്പെടുത്തുക എന്നിവയാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 20,000 രൂപ കൂടി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 3 )

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2851-00-105-66-(03) എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)

(കാലതാമസപത്രിക 22-1-2021-ന് സഭയിൽ സമർപ്പിച്ചു)

ശിപാർശ

തേനീച്ച കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുക, തേനീച്ചയോടുകൂടിയ മേൽത്തരം തേനീച്ചപ്പെട്ടികൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, എറണാകുളം, കോഴിക്കോട് ജില്ലകളിൽ തേൻ സംസ്കരണ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, ആധുനികവൽക്കരണം, ആലപ്പുഴ ജില്ലയിൽ തേനീച്ച നഴ്സറി പരിശീലന

കേന്ദ്രം ആരംഭിക്കൽ എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 65,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 4 )

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2851-00-105-66-(04) എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)

(കാലതാമസപത്രിക 22-1-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി ഇടുക്കി, കോഴിക്കോട് ജില്ലകളിലെ വിപണന കേന്ദ്രങ്ങളുടെ നവീകരണത്തിനും, കോട്ടയം ജില്ലയിലെ കോടിമതയിലെ മാർക്കറ്റിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനുമായും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 1.5 കോടി രൂപ കൂടി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 5 )

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2851-00-105-87 എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)

(കാലതാമസപത്രിക 22-1-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്ക് (PMEGP) അനുസൃതമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ

വേണ്ട ധനസഹായം (മാർജിൻ മണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതാണെന്നും ആകെ പദ്ധതി ചെലവിന്റെ 90-95 ശതമാനം വരെ തുക ബാങ്ക് വായ്പയും 5-10 ശതമാനം വരെ തുക ഗുണഭോക്തൃവിഹിതവും ആയിരിക്കണമെന്നും ആയതിനാൽ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവയും ഖാദിഗ്രാമ വ്യവസായ ബോർഡ് നൽകുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.25 ലക്ഷം രൂപ കൂടി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 6)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2851-00-105-85 എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)

(കാലതാമസപത്രിക 22-1-2021-ന് സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

നെയ്ത്തുകാർക്ക് 180 പൈസ നിരക്കിലും നൂൽപ്പുകാർക്ക് 60 പൈസ നിരക്കിലും ഉത്പാദന പ്രോത്സാഹനം നല്കുന്നതിനും ഉത്സവകാലങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന ഉത്സവകാലബത്ത നൽകുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതി പ്രകാരം കേരളത്തിലെ ഖാദി സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ പണിയെടുക്കുന്ന 13600-ഓളം ഖാദി തൊഴിലാളികൾക്ക് ഉൽപ്പാദന ഉത്സവകാല ഇൻസെന്റീവ് വിതരണം ചെയ്യേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. 2019-20 ബഡ്ജറ്റിൽ ഈ പദ്ധതിക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 7)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2851-00-105-73 എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)

(കാലതാമസ പത്രിക 22-1-2021 സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പുതുതായി ഹാന്റ് മെയ്ഡ് പേപ്പർ യൂണിറ്റുകൾ, പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ, നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.509 കോടി രൂപ കൂടി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 8)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2851-00-105-72 എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)
(കാലതാമസ പത്രിക 22-1-2021 സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ഖാദി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വർക്ക് ഷെഡ്ഡുകളുടെ നിർമ്മാണം, പഴയവയുടെ പുനരുദ്ധാരണം, അടിസ്ഥാന സൗകര്യവികസനം, നെയ്ത്ത് പരിശീലനം നൽകുക, പൈതൃകത്തെ ബാധിക്കാത്ത രീതിയിലുള്ള ആധുനികവത്ക്കരണം എന്നിവ ലക്ഷ്യമിടുന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 35 ലക്ഷം രൂപ കൂടി മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 9)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2851-00-105-71 എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)

(കാലതാമസ പത്രിക 22-1-2021-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ഖാദി ഗ്രാമവ്യവസായ ബോർഡിലെ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പളപരിഷ്കരണം, പെൻഷൻ പരിഷ്കരണം എന്നിവയുമായി ബന്ധപ്പെട്ട് ജീവനക്കാർക്കും പെൻഷൻകാർക്കും കുടിശ്ശിക ഇനത്തിൽ നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം മേൽ ശീർഷകത്തിൽ 107.9272 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 10)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2851-00-105-99-31 എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)
(കാലതാമസ പത്രിക 22-1-2021-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ എല്ലാ വർഷവും വിവിധ സ്പെല്ലുകളിലായി നോർമൽ റിബേറ്റിന് പുറമെ ഉത്സവകാലങ്ങളിൽ 10% അധിക റിബേറ്റ് ഖാദി ചില്ലറ വില്പനയ്ക്ക് നൽകി വരുന്നുവെന്ന് സമിതി മനസ്സിലാക്കുന്നു. 2019-2020 സാമ്പത്തിക വർഷം റിബേറ്റിനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2851-00-105-96-33 എന്ന ശീർഷകത്തിൽ 2019-20 സാമ്പത്തിക വർഷം അധിക തുക അനുവദിക്കാൻ കഴിഞ്ഞില്ല.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)
(കാലതാമസ പത്രിക 22-1-2021-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കയർഫെഡ്, ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെയും കയർ മേഖലയുടെയും ആകെ വിറ്റു വരവ്, തൊഴിൽ ദിനം സൃഷ്ടിക്കൽ, മൂല്യ ശൃംഖലയിലെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ എന്നീ ഘടകങ്ങളെ ആധാരമാക്കിയുള്ള ധനസഹായം നൽകൽ തുടങ്ങിയവയ്ക്ക് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 7 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

എം.ഡി.എ പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2851-00-106-92(02) ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 800 ലക്ഷം രൂപ അനുവദിച്ചു. ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തുവെങ്കിലും അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഇ 2/216/2019/വ്യവ. തീയതി 6-10-2020 & 15-12-2020)
(കാലതാമസ പത്രിക 13-1-2021-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

പാരമ്പര്യ കയർ ഉല്പന്നങ്ങളുടെ പ്രോത്സാഹനം, വിപണനം, സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവ്, ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ്, തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കൽ, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയവ അടിസ്ഥാനമാക്കി ധനസഹായം

നല്കി ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 20)

<u>സ്വീകരിച്ച നടപടി</u>

പി.എം.ഐ പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 400 ലക്ഷം രൂപ 2851-100-106-54(പി) ശീർഷകത്തിൽ അനുവദിച്ചു. ടി തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും 550 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം ആകെ 950 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ ഇ 2/216/2019/വ്യവ. തീയതി 6-10-2020 & 15-12-2020)
(കാലതാമസ പത്രിക 13-10-2021-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

2019-20 സാമ്പത്തിക വർഷം ചകിരി, കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനം ഗണ്യമായി വർദ്ധിക്കുമെന്നതിനാൽ ഇവ സംഭരിച്ച് വിപണനം നടത്തുന്നതിനും യഥാസമയം ഇവയ്ക്കുള്ള വില സംഘങ്ങൾക്ക് നൽകുന്നതിനുമായി അധികം തുക ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 21)

<u>സ്വീകരിച്ച നടപടി</u>

വില വ്യതിയാന നിധി പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം 2851-00-106-34 എന്ന ശീർഷകത്തിൽ 4500.00 ലക്ഷം രൂപ അനുവദിച്ചു. ടി തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2000.00 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ

ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും 1000.00 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴി അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം വില വ്യതിയാന നിധി പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം ആകെ 5500.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ ഇ 2/216/2019/വ്യവ. തീയതി 6-10-2020 & 15-12-2020)
(കാലതാമസ പത്രിക 13-10-2021-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ ഇവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകുന്ന വിഹിതം 2011-12 വരെ പ്ലാൻ ഇനത്തിലാണ് വകയിരുത്തിയിരുന്നതെന്നും 2012-13 മുതൽ പ്രസ്തുത തുക നോൺ പ്ലാൻ ഇനത്തിലാണ് വകയിരുത്തിയിരുന്നതെന്നും പ്രതിമാസം 1000 രൂപ വീതം പെൻഷൻ, കൂടാതെ കുടുംബപെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, കുടിശ്ശിക, വിരമിക്കൽ ആനുകൂല്യം എന്നിവ നൽകാനും മറ്റു ക്ഷേമ പദ്ധതികൾ നടപ്പാക്കാനും ഉപയോഗിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. മേൽ ചെലവുകൾക്കായി നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 55.84 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 22)

<u>സ്വീകരിച്ച നടപടി</u>

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ ഇവ നടപ്പിലാക്കാൻ കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2851-00-106-93 (നോൺ പ്ലാൻ) ശീർഷകത്തിൽ 95.68 കോടി രൂപ വകയിരുത്തിയിരുന്നു.

26-6-2018-ലെ സ.ഉ(എം.എസ്)നം. 232/2018/ധന ഉത്തരവിൻ പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ സുഗമമായ വിതരണം ഉറപ്പു വരുത്തുന്നതിന് ധനകാര്യ വകുപ്പിന് കീഴിലായി സർക്കാർ ഉടമസ്ഥതയിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ക്ഷേമനിധി ബോർഡുകൾ വഴി നൽകുന്ന പെൻഷനുകൾ പ്രസ്തുത കമ്പനി വഴിയാണ് നൽകുന്നത്. ആയതിനാൽ 2851-00-106-93-ക്ഷേമനടപടികൾ കയർ തൊഴിലാളി പെൻഷൻ (പദ്ധതിയേതരം) എന്ന ശീർഷകത്തിൽ അധിക വിഹിതം വകയിരുത്തേണ്ടതില്ല എന്ന വിവരം സമിതി മുൻപാകെ ബോധിപ്പിക്കുന്നു.

(റഫറൻസ് നമ്പർ ഇ 2/216/2019/വ്യവ. തീയതി 6-10-2020 & 15-12-2020)
(കാലതാമസ പത്രിക 13-10-2021-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ

2017-18, 2018-19 എന്നീ കാലയളവിൽ ഭരണാനുമതി നൽകിയ ആധുനികവൽക്കരണ പദ്ധതികൾ അടുത്ത സാമ്പത്തികവർഷം പൂർത്തീകരിക്കാൻ വേണ്ട തുകയും കാലതാമസം മൂലമുണ്ടാകുന്ന പദ്ധതി ചെലവിലെ വർദ്ധനയും കണക്കാക്കി ആകെ 20.67 കോടി രൂപ കൂടി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 35)

സ്വീകരിച്ച നടപടി

അധിക തുക അനുവദിക്കുന്നതിലെ നിർദ്ദേശത്തിന്മേലുള്ള നടപടിക്രമങ്ങൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപായി പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി1/200/2019/വ്യവ. തീയതി 26-8-2021)
(കാലതാമസ പത്രിക 3-11-2021-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ

ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിന്റെ വികസന പ്രവർത്തനത്തിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 2.45 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/108/2019/വ്യവ. തീയതി 4-1-2021)
(കാലതാമസ പത്രിക 13-1-2021-ൽ സഭയിൽ സമർപ്പിച്ചു)

ശിപാർശ

അഴീക്കലിൽ കപ്പലിന്റെയും ബോട്ടിന്റെയും അറ്റകുറ്റപണിക്കാവശ്യമായ ഡ്രൈഡോക്ക് 60-ഓളം പേർക്ക് പ്രത്യക്ഷമായും അതിലധികം പേർക്ക് പരോക്ഷമായും

തൊഴിൽ നൽകാൻ പര്യാപ്തമായ ഒന്നാണെന്നും അടുത്ത 25 വർഷത്തേക്ക് കപ്പലിന്റേയും ബോട്ടിന്റേയും അറ്റകുറ്റപ്പണി നടത്തുവാൻ ഈ പദ്ധതിക്ക് സാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിൽ ഡ്രൈഡോക്കിന്റെ രണ്ടാംഘട്ട പൂർത്തീകരണത്തിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 17 കോടി രൂപ അധികമായി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 38)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/108/2019/വ്യവ. തീയതി 4-1-2021)
(കാലതാമസ പത്രിക 13-1-2021-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

ആട്ടോകാസ്റ്റ് ലിമിറ്റഡിന്റെ പുനരുദ്ധാരണ നവീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ 4.64 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

<u>സ്വീകരിച്ച നടപടി</u>

അധിക തുക അനുവദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി2/108/2019/വ്യവ. തീയതി 4-1-2021)
(കാലതാമസ പത്രിക 13-1-2021-ൽ സഭയിൽ സമർപ്പിച്ചു)

<u>ശിപാർശ</u>

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിച്ച പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി 2.80 കോടി രൂപ മേൽ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 50)

<u>സ്വീകരിച്ച നടപടി</u>

6851-00-190-86 എന്ന ശീർഷകത്തിൽ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് 12-4-2019-ലെ സ.ഉ (സാധാ) നമ്പർ 341/2019/വ്യവ പ്രകാരം അമ്പത് ലക്ഷം രൂപയും 29-8-2019-ലെ സ.ഉ(സാധാ) നമ്പർ 844/2019/വ്യവ പ്രകാരം 2 കോടി അമ്പത് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ കെ1/207/2019/വ്യവ. തീയതി 12-1-2021)
(കാലതാമസ പത്രിക 22-1-2021-ൽ സഭയിൽ സമർപ്പിച്ചു)

**2018-19 ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്.**

(ഫയൽ നമ്പർ 1325/സബ്.സി.ബി2/2018/നി.സെ)

<u>ശിപാർശ</u>

കേരള സംസ്ഥാന ചെറുകിട വ്യവസായിക കോർപ്പറേഷന്റെ (സിഡ്കോ) പാപ്പനംകോട് (2 യൂണിറ്റ്) ഉമയനല്ലൂർ, ഒല്ലൂർ, കോഴിക്കോട് എന്നീ അഞ്ച് പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ആവശ്യത്തിനായി 995 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

സിഡ്കോയുടെ കീഴിലുള്ള 8 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണത്തിനായി 30-5-2019-ലെ സ.ഉ (സാധാ) നമ്പർ 469/2019/വ്യവ പ്രകാരം 9.95 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചു. 15-2-2020-ലാണ് ഒന്നാം ഘട്ടമായി 2.5 കോടി രൂപ സിഡ്കോയ്ക്ക് ലഭ്യമാകുന്നത്. പക്ഷേ ഇതിൽ 2.40 കോടി രൂപ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 31-3-2020-ൽ സർക്കാർ തിരിച്ചെടുത്തു. 21-8-2020-ലെ സർക്കാർ ഉത്തരവ് സ.ഉ. (സാധാ) നമ്പർ 687/2020/വ്യവ പ്രകാരം 2.4 കോടി രൂപ വീണ്ടും സിഡ്കോയ്ക്ക് അനുവദിച്ചു നൽകി. നവീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ടെൻഡർ നടപടികൾ നടത്തുകയും ചെയ്തു. പിന്നീട് 16-6-2020-ലെ സ.ഉ(സാധാ)നമ്പർ 442/2020/വ്യവ പ്രകാരം 5 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 24-8-2020-ലെ സ.ഉ(സാധാ) നം. 698/2020/വ്യവ, 23-3-2021-ലെ സ.ഉ (സാധാ) നമ്പർ 372/2021/വ്യവ എന്നിവ പ്രകാരം മൊത്തം 4.96 കോടി രൂപ കൂടി സിഡ്കോയ്ക്ക് അനുവദിച്ചു നൽകി. വീണ്ടും തുടർ പ്രവർത്തനത്തിനായി 1.5 കോടി രൂപ കൂടി 5-10-2021-ലെ സ.ഉ (സാധാ) നമ്പർ 1116/2021/വ്യവ. പ്രകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം സിഡ്കോയുടെ കീഴിലുള്ള പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണത്തിന് ആകെ 8.96 കോടി രൂപ അനുവദിച്ചു

കഴിഞ്ഞു. നിലവിലെ കോവിഡ്-19 സാഹചര്യത്തിൽ നവീകരണ ജോലികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാലും ത്വരിതഗതിയിൽ തന്നെ ജോലികൾ പൂർത്തീകരിക്കുകയും പുതിയ മെഷിനറികൾ സ്ഥാപിച്ച് യൂണിറ്റുകൾ ഉത്പാദന പ്രവർത്തനത്തിന് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

(റഫറൻസ് നമ്പർ എഫ്2/229/2018/വ്യവ. തീയതി 20-12-2021)

ശിപാർശ

കേരള ഇലക്ട്രിക്ക് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ കുണ്ടറ യൂണിറ്റിൽ ഇലക്ട്രിക്കൽ വാഹനങ്ങളുടെ മോട്ടോറുകളുടെ ഉത്പാദനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. ആയതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 49)

സ്വീകരിച്ച നടപടി

തുക അനുദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി1/92/2018/വ്യവ. തീയതി 26-6-2021)

(കാലതാമസപത്രിക 3-11-2021-ൽ സഭയിൽ സമർപ്പിച്ചു.)

ശിപാർശ

കെൽ, മാമല യൂണിറ്റിലെ സ്ട്രക്ചറൽ ഡിവിഷന്റെ ആധുനികവത്കരണത്തിനും ടാങ്ക് ഫാബ്രിക്കേഷൻ ഷോപ്പ് സിവിൽ ആന്റ് സ്ട്രക്ചറൽ പ്രോജക്ടുകളുടെ കൺസൾട്ടൻസി വിഭാഗം എന്നിവയുടെ പൂർത്തീകരണത്തിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി 700 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ശിപാർശ നമ്പർ 50)

സ്വീകരിച്ച നടപടി

തുക അനുദിച്ചിട്ടില്ല.

(റഫറൻസ് നമ്പർ ഡി1/92/2018/വ്യവ. തീയതി 26-6-2021)

(കാലതാമസപത്രിക 3-11-2021-ൽ സഭയിൽ സമർപ്പിച്ചു.)

അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റുമെന്റുകളുടെ വിശദാംശങ്ങളും.

ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് , കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 3918/സബ്.സി.ബി2/2018/നി.സെ)

ശിപാർശ

ലോണുമായി ബന്ധപ്പെട്ട കർശന നിബന്ധനകളിൽ ആവശ്യമായ ഇളവുകൾ വരുത്തി 2013 മുതൽ അനുവദിച്ച ഗവൺമെന്റ് ലോണുകളും പലിശയും കമ്പനിയുടെ ഇക്വിറ്റി ഷെയറായി മാറ്റാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 1)

സ്വീകരിച്ച നടപടി

5-2-2021-ലെ സ.ഉ.(കൈ) നമ്പർ 26/2021/വ്യവ പ്രകാരം 31-3-2019 വരെയുള്ള ഗവൺമെന്റ് ലോണുകളും പലിശയും കമ്പനിയുടെ ഇക്വിറ്റി ഷെയറാക്കി മാറ്റാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(റഫറൻസ് നമ്പർ എച്ച്1/12/2019/വ്യവ. തീയതി 16-3-2021)

ശിപാർശ

സംസ്ഥാന വൈദ്യുതി ബോർഡിന്റെ ടേൺ കീ പ്രോജക്ടുകൾക്കുള്ള ടെണ്ടറിൽ ട്രാക്കോ കേബിൾ കമ്പനി പങ്കെടുക്കുകയും മറ്റു സ്ഥാപനങ്ങളിൽ നിന്ന് ആരും പങ്കെടുക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലവിലെ നിയമം അനുസരിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ടെണ്ടർ റദ്ദ് ചെയ്യേണ്ടി വരുന്നതിനാൽ, ഇത്തരം സാഹചര്യത്തിൽ ടെണ്ടർ ക്യാൻസൽ ചെയ്യാതെ ഒരു പൊതുമേഖലാ സ്ഥാപനം എന്ന പരിഗണനയിൽ ട്രാക്കോ കേബിൾ കമ്പനിയ്ക്ക് ഓർഡറുകൾ ലഭ്യമാക്കുന്ന സംവിധാനം നടപ്പിൽ വരുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 2)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന വൈദ്യുതി ബോർഡിന്റെ ടേൺ കി ടെണ്ടറുകളിൽ ട്രാക്കോ മാത്രം പങ്കെടുത്തവ ഒന്നും പിന്നീട് വന്നിട്ടില്ല.

(റഫറൻസ് നമ്പർ എച്ച്1/12/2019/വ്യവ. തീയതി 16-3-2021)

<u>ശിപാർശ</u>

കെ.എസ്.ഇ.ബി.യുടെ പർച്ചേസ് ഓർഡറിന്മേൽ കമ്പനിയ്ക്ക് കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫൈനാൻസ് കോർപ്പറേഷനിൽ (കെ.എസ്.പി.ഐ.എഫ്.സി) നിന്നും മൊബിലൈസേഷൻ അഡ്വാൻസ് ലഭിക്കുന്നുണ്ടെന്നും, എന്നാൽ പ്രസ്തുത സ്ഥാപനത്തിന്റെ നിലവിലെ നിയമമനുസരിച്ച് മറ്റ് വൈദ്യുതി ബോർഡുകളിൽ നിന്നും ലഭിക്കുന്ന ഓർഡറുകൾക്ക് വായ്പ നൽകാൻ സംവിധാനമില്ലെന്നും അതിനാൽ കേരളത്തിന് പുറത്തു നിന്നും ലഭിക്കുന്ന ഓർഡറുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത കാരണം കഴിയുന്നില്ലെന്നും സമിതി വിലയിരുത്തി. ആയതിനാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വ്യവസ്ഥ അനുസരിച്ച് പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡിന് വായ്പ നൽകുന്നതു സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക നമ്പർ 3)

<u>സ്വീകരിച്ച നടപടി</u>

ട്രാക്കോയും പവർ ഫിനാൻസ് കോർപ്പറേഷനും കൂടി ഒരു ജോയിന്റ് ബാങ്ക് അക്കൗണ്ട് (Escrow Account) തുടങ്ങുകയും അന്യ സംസ്ഥാന വൈദ്യുതി കമ്പനികൾ ബിൽ തുക പ്രസ്തുത ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകാമെന്ന് അണ്ടർടേക്കിംഗ് നൽകുകയും ചെയ്ത സാഹചര്യത്തിൽ പവർ ഫിനാൻസ് കോർപ്പറേഷൻ അന്യ സംസ്ഥാന വൈദ്യുതി കമ്പനികളിൽ നിന്നുള്ള ഓർഡറുകൾക്കു വേണ്ടി മൊബിലൈസേഷൻ അഡ്വാൻസ് നൽകി തുടങ്ങിയിട്ടുണ്ട്. അതു പ്രകാരം ട്രാക്കോ കേബിൾ കമ്പനിയ്ക്ക് ജോധ്പൂരിൽ നിന്നും ലഭിച്ച ഓർഡറിന്മേൽ വായ്പ ലഭിക്കുകയുണ്ടായി.

(റഫറൻസ് നമ്പർ എച്ച്1/12/2019/വ്യവ. തീയതി 16-3-2021)

**പി. രാജീവ്,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IV.*

തിരുവനന്തപുരം,
2022 ജൂലൈ 18.

# അനുബന്ധം

## 2021 ജൂൺ 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2021 ജൂൺ 21-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. നിയമം വ്യവസായം കയർ വകുപ്പുമന്ത്രി ശ്രീ.പി.രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ), എം.എൽ.എ.
2. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
3. ശ്രീ. വി. ശശി, എം.എൽ.എ.
4. ശ്രീ. കെ. എൻ, ഉണ്ണികൃഷ്ണൻ, എം.എൽ.എ.
5. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.
6. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.
7. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്തു)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ.കെ.ജി ശ്രീദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ.കെ.ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്.
2. ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീ. ബിശ്വനാഥ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ (കയർ) വകുപ്പ്
4. ശ്രീമതി മാലതി എസ്, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
5. ശ്രീമതി ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ.വി. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ.വി.ആർ. വിനോദ്, ഡയറക്ടർ, കയർ വികസന വകുപ്പ്
8. ശ്രീ.കെ. സുധീർ, ഡയറക്ടർ, കൈത്തറി വകുപ്പ്

9. ശ്രീ. അനിൽ കെ.ആർ, ഡയറക്ടർ, നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്.

10. ശ്രീമതി ചാന്ദിനി കെ.കെ, ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ), കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്

11. ശ്രീ.കെ.എസ്. പ്രദീപ് കുമാർ, അഡീഷണൽ ഡയറക്ടർ, കയർ വകുപ്പ്.

12. ശ്രീ.പി.വി.ശശീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്

13. ശ്രീ.ജി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്

14. ശ്രീ.ബി. സുനിൽ, ജനറൽ മാനേജർ, കയർഫെഡ്

15. ശ്രീ.ശ്യാം കൃഷ്ണൻ കെ., ഡെപ്യൂട്ടി ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

16. ശ്രീ. സുധീർ ബാബു എസ്, പ്രോജക്ട് എഞ്ചിനീയർ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്

17. ഡോ.കെ.എ. രതീഷ്, സെക്രട്ടറി, ഖാദി ബോർഡ്

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ പരിധിയിൽ വരുന്ന വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്, കയർ വികസന വകുപ്പ്, ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ശീർഷകങ്ങളിലെ വിവിധ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## വ്യവസായ വാണിജ്യ വകുപ്പ്

4851-00-102-90—<u>വ്യവസായ വകുപ്പിലെ ഡയറക്ടറേറ്റ്, ജില്ലാ ഓഫീസുകൾ, സബ് ഓഫീസുകൾ എന്നിവയുടെ നവീകരണം</u>

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, 14 ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, 59 താലൂക്ക് വ്യവസായ ഓഫീസുകൾ എന്നിവയുടെ ഇ ആഫീസ് സംവിധാനം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, അവയുടെ വാർഷിക മെയിന്റനൻസ്, പഞ്ചിംഗ് സിസ്റ്റം, ആഫീസ് നവീകരണം, SME പോർട്ടൽ എന്നിവയുടെ ചെലവുകൾ

നിർവഹിക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4851-00-104-99—<u>കരകൗശല മേഖലയിലുള്ള അപ്പെക്സ് ഓർഗനൈസേഷൻസിന് ഉള്ള സഹായം</u>

കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളായ സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ, കെൽപാം എന്നിവ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-104-86—<u>കരകൗശല വ്യവസായങ്ങൾ– പൊതു പ്രവർത്തന സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന്</u>

കരകൗശല മേഖലയിലെ അപ്പെക്സ് സ്ഥാപനങ്ങളായ സുരഭി, കാഡ്കോ, എച്ച്.ഡി.സി.കെ, കെൽപാം എന്നിവ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം അനുവദിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലിയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്**

2851-00-105-66-(02)—<u>ഖാദി ഗ്രാമവ്യവസായ വികസനം- വാർത്താ വിതരണവും പരിശീലനവും</u>

ഖാദി ഉൽപന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള പ്രചരണം, ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം, ഉദ്യോഗസ്ഥർക്കും ഖാദി ഗ്രാമവ്യവസായ മേഖലയിലെ തൊഴിലാളികൾക്കുമുള്ള പരിശീലനം തുടങ്ങിയ വിപണന പ്രോത്സാഹന പ്രവർത്തനങ്ങൾ ആവശ്യമാണെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-105-66-(03)—ഖാദി ഗ്രാമവ്യവസായ വികസനം-ഖാദിബോർഡ് കമ്പ്യൂട്ടർവൽക്കരിക്കൽ

ഖാദി ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഖാദി ബോർഡിനും ജില്ലാ ഓഫീസുകൾക്കും ആവശ്യമായ ലാപ്ടോപ്പുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും മാർക്കറ്റിംഗ് സോഫ്റ്റ് വെയർ തയ്യാറാക്കൽ, സെക്യൂരിറ്റി ഓഡിറ്റ്, നെറ്റ് വർക്കിംഗ് മെയിന്റനൻസ്, വെബ്ഹോസ്റ്റിംഗ്, ബാർ കോഡിംഗ് പ്രിന്റിംഗ് ആന്റ് സ്കാനിങ് മെഷീൻ, ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കൽ (ആദ്യ ഘട്ടം) തുടങ്ങിയ ആവശ്യങ്ങൾക്കായും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-105-87—ഖാദിബോർഡിന്റെ നിലവിലുള്ള വില്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി തൃശ്ശൂർ, കോട്ടയം എന്നീ ജില്ലകളിലെ നിലവിലുള്ള വിൽപനശാലകളുടെ നവീകരണത്തിനും ആധുനീകരണത്തിനുമായും ബോർഡിന്റെ പ്രോജക്ടുകൾക്ക് കീഴിലുള്ള മേജർ വിൽപന ശാലകളിൽ കസ്റ്റമേഴ്സിനായി ട്രയൽ റൂം, റെഡിമെയ്ഡ് സ്റ്റിച്ചിംഗ് റൂം എന്നിവ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി

പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിക്ക് (PMEGP) അനുസൃതമായി ഗ്രാമീണ മേഖലയിൽ 650 പുതിയ ഖാദിഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ വേണ്ട ധനസഹായം (മാർജിൻ മണി/സബ്സിഡി) നൽകുവാനും ഈ മേഖലയിൽ 1950 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഇ.ഡി.പി പരിശീലനം നൽകുവാനും ഈ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നതായി സമിതി നിരീക്ഷിച്ചു. വ്യവസ്ഥകൾക്ക് വിധേയമായി മൊത്തം പ്രോജക്ട് ചെലവിന്റെ പരമാവധി 40 ശതമാനം തുക വരെ സംസ്ഥാന സർക്കാർ മാർജിൻ മണിയായി നൽകുന്നതാണെന്നും കൂടാതെ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക സഹായം, വിപണന സഹായം എന്നിവയും ഖാദിഗ്രാമ വ്യവസായ ബോർഡ് നൽകുന്നുണ്ടെന്നും വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-105-72—<u>വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും.</u>

വകുപ്പുതല ഗ്രാമ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനങ്ങളായ പുതിയ റെഡിമെയ്ഡ് യൂണിറ്റ് സ്ഥാപിക്കൽ, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റുകളുടെ നവീകരണം, HMP യൂണിറ്റുകളുടെ നവീകരണം, സോപ്പ്, ഓയിൽ നിർമ്മാണ യൂണിറ്റുകളുടെ ആധുനികവൽക്കരണം, ഉൽപ്പന്ന വികസനം, ഗ്രാമ വ്യവസായ ഉൽപ്പന്നങ്ങളുടെ ബ്രാന്റിംഗ് & മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.35 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-105-71—<u>വകുപ്പുതല ഖാദി ഉല്പാദന കേന്ദ്രങ്ങളുടെ നടപ്പിലാക്കലും ശക്തിപ്പെടുത്തലും.</u>

ഖാദി തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അവസ്ഥ നൽകുന്നതിനും അടിസ്ഥാന സൗകര്യവികസനത്തിനും ലക്ഷ്യമിടുന്ന പദ്ധതിക്കായി വകുപ്പുതല ഖാദി ഉൽപാദന കേന്ദ്രങ്ങൾക്കായി വർക്ക് ഷെഡ് നിർമ്മിക്കുക, യൂണിറ്റുകളുടെ ഇലക്ട്രിഫിക്കേഷൻ, തൊഴിലാളികൾക്ക് വൃത്തിയുള്ള ടോയ്‌ലറ്റ്, കുടിവെള്ളം, യൂണിറ്റുകളുടെ അറ്റകുറ്റപ്പണി, സ്പെയർ പാർട്സ് വാങ്ങൽ എന്നിവയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത പദ്ധതിക്കായി പ്രസ്തുത ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-105-69—<u>സംസ്ഥാനത്ത് ഖാദി ഗ്രാമങ്ങൾ സ്ഥാപിക്കൽ</u>

ഖാദി നൂൽപ്പ്-നെയ്ത്ത് മേഖലയിൽ പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഈ പദ്ധതിയിൽ തൊഴിലാളികൾക്ക് സാങ്കേതിക മാർഗ്ഗനിർദ്ദേശവും നൈപുണ്യ വികസനവും നൽകൽ, പ്രാരംഭ ഉൽപാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, ചർക്കകളുടെയും തറികളുടെയും നവീകരണം എന്നിവ ലക്ഷ്യമിടുന്നതായി സമിതി നിരീക്ഷിച്ചു. പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2851-00-105-64—ഖാദി സിൽക്ക് വീവിംഗ് പ്രോജക്ട്.

ഖാദിപട്ട് നെയ്ത്ത് വ്യാപിപ്പിക്കുന്നതിന് തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് ജില്ലകളിലെ 100 തറികളിൽ സിൽക്ക് നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ, പട്ടുൽപന്നങ്ങളിലുള്ള ഡൈയിംഗ് & പ്രിന്റിംഗ് മുതലായവ ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-105-63—ഗ്രാമോദയ ഖാദി ക്ലസ്റ്റർ പ്രോഗ്രാം

കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് നേരിട്ട് നടത്തുന്ന ഡിപാർട്ട്മെന്റൽ ഖാദി ഉല്പാദന കേന്ദ്രങ്ങളെയും ഖാദി കമ്മീഷന്റെയും ഖാദി ബോർഡിന്റെയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾ നടത്തുന്ന ഖാദി ഉല്പാദന കേന്ദ്രങ്ങളെയും ഉൾപ്പെടുത്തി സംസ്ഥാനത്ത് ഖാദി പ്രവർത്തനം നടത്തുന്ന പഞ്ചായത്തുകളെ പ്രത്യേകം തിരഞ്ഞെടുത്ത് 100 മുതൽ 150 വരെ തൊഴിലാളികൾ അടങ്ങുന്ന പ്രത്യേക ക്ലസ്റ്റർ രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾ ഏകോപിച്ച് ക്ലസ്റ്ററിൽ അംഗങ്ങളായ തൊഴിലാളികളുടെ ഡാറ്റ ബാങ്ക് തയ്യാറാക്കി തൊഴിലാളികൾക്ക് ആവശ്യമായ ട്രെയിനിംഗ്, ചർക്ക, തറി വിതരണം ചെയ്യൽ, അസംസ്കൃത വസ്തുക്കൾ യഥാസമയം ലഭ്യമാക്കുക, തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുക, ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുക എന്നിവ ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-105-99-31—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് - ഭരണപരമായ ചെലവുകൾ - സഹായധനം - ശമ്പളം.

ജീവനക്കാരുടെ ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും മൂലമുണ്ടായ അധികച്ചെലവ്, കുടിശ്ശികയായുള്ള ശമ്പളം / പെൻഷൻ / വിരമിക്കൽ ആനുകൂല്യങ്ങൾ എന്നിവ കണക്കാക്കുമ്പോൾ ബോർഡിന് മേൽ ശീർഷകത്തിൽ അനുവദിച്ച തുക കുറവാണെന്നും കൂടാതെ മുൻ വർഷങ്ങളിൽ ഈ ഇനത്തിലെ തുക കുറവായതിനാൽ ശമ്പള പരിഷ്കരണ ശിപാർശ പ്രകാരം വകയിരുത്താൻ ബാക്കിയുള്ള തുകയായ 4871.59 ലക്ഷം രൂപയും ബോർഡ്, 1991 മുതൽ വകമാറ്റി ചെലവഴിച്ച 7089.19 ലക്ഷം രൂപയും കൂടി ചേർത്ത് ആകെ 11960.78 ലക്ഷം രൂപ ബോർഡിന് അധികമായി ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 119.6078 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2851-00-105-96-33—കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് - ഖാദിയുടെ ചില്ലറ വില്പനയ്ക്കുള്ള പ്രത്യേക റിബേറ്റ്- സബ്സിഡികൾ

ഖാദി കമ്മീഷൻ റിബേറ്റ് നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ ഖാദി ബോർഡിന്റെ ചില്ലറ വില്പനയ്ക്കുള്ള റിബേറ്റിനും എല്ലാ വർഷവും ഉത്സവകാലങ്ങളിൽ വിവിധ സ്പെല്ലുകളിലായി 10% അധിക റിബേറ്റ് നൽകുന്നതിനുമായി അനുവദിച്ച തുക കുറവാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 21 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പ്**

2851-00-103-25—യുവ നെയ്ത്ത് പദ്ധതി

പതിനെട്ടിനും നാൽപതിനുമിടയ്ക്ക് പ്രായമുള്ള യുവതീയുവാക്കളെ നെയ്ത്ത് പരിശീലിപ്പിച്ച് നെയ്ത്തുകാരാക്കി മാറ്റി ഒരു ഉപജീവനമാർഗ്ഗം നൽകുന്ന യുവ നെയ്ത്ത് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി മേൽ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-103-38—നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പദ്ധതി

കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹന ധനസഹായ പദ്ധതിയിൽ പ്രതിദിനം സർക്കാർ നിശ്ചയിച്ച അളവിൽ കൂടുതൽ നെയ്യുന്നവർക്ക്/നൂൽ ചുറ്റുന്നവർക്ക് ഓരോ അധിക മീറ്ററിനും ഇരട്ടി വേതനം നൽകുന്നുണ്ടെന്നും സ്കൂൾ യൂണിഫോം പദ്ധതിയും മറ്റ് പുതിയ പദ്ധതികളും കാരണം പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണത്തിലും ഉൽപാദനത്തിലും വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും സമിതി വിലയിരുത്തി. ഇപ്രകാരം പ്രസ്തുത പദ്ധതിയിൽ കൂടുതൽ ചെലവു വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-103-43—അംശദാന മിതവ്യയ ഫണ്ട്

കൈത്തറി തൊഴിലാളികളുടെ അംശദാന സമ്പാദ്യ പദ്ധതിയിലെ വരിക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിവാഹം, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകുന്നതിനുള്ള പ്രസ്തുത ശീർഷകത്തിൽ 2021-22-ലെ അപേക്ഷകളും കൂടി കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-103-22—കുടുംബ ക്ഷേമപദ്ധതി

കൈത്തറി തൊഴിലാളികളുടെയും കുടുംബത്തിന്റെയും ആരോഗ്യ പരിപാലനത്തിനും പോഷകാഹാര സംരക്ഷണത്തിനും ആഴ്ചയിൽ രണ്ടു ദിവസം നല്ല പോഷകാഹാരം ലഭ്യമാക്കുന്നതിനും മാസത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധന നടത്തുന്നതിനുമുള്ള കുടുംബക്ഷേമ പദ്ധതിക്കായി 2020-21 വർഷത്തെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിൽ 2851-00-103-22 എന്ന ശീർഷകം അനുവദിച്ച് ടോക്കൺ പ്രൊവിഷൻ അനുവദിച്ചിരുന്നുവെന്നും എന്നാൽ 2021-22 ബഡ്ജറ്റിൽ ഈ ശീർഷകം ഉൾപ്പെടുത്തിയിട്ടില്ലായെന്നും സമിതി മനസ്സിലാക്കി. പ്രസ്തുത പദ്ധതി നടപ്പാക്കേണ്ടത് അനിവാര്യമാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ശീർഷകം പുനഃസ്ഥാപിച്ച് അതിൽ ഉപധനാഭ്യർത്ഥന വഴി 1 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**കയർ വികസന വകുപ്പ്**

2851-00-106-92-(02)—വിപണന വികസന പദ്ധതി (50% കേന്ദ്രസഹായ പദ്ധതി) സംസ്ഥാന വിഹിതം

കയറിന്റെയും കയറുൽപന്നങ്ങളുടെയും പ്രചാരണം, വിൽപനശാലകളുടെ നവീകരണം, ഗോഡൗണുകളുടെ പുനരുദ്ധാരണം, വിപണിയെക്കുറിച്ചുള്ള പഠനം, നൂതന വിപണന തന്ത്രങ്ങൾ, ഇ-കോമേഴ്സ് സൗകര്യങ്ങളുടെ ആരംഭം കുറിക്കൽ, ഡിസൈൻ സൗകര്യങ്ങളുടെ നവീകരണം തുടങ്ങിയ ആവശ്യങ്ങൾക്കും കയർ ഫെഡ്, ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർ സഹകരണ സംഘങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കയർ മേഖലയിൽ ധനസഹായം നൽകുന്നതിനും ഉൽപാദനം വർദ്ധിച്ചതിനാൽ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളുടെ ക്ലെയിം സെറ്റിൽ ചെയ്യുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-106-54—ഉല്പാദനത്തിനും വിപണനത്തിനുമുള്ള പ്രോത്സാഹനം

കയർ മേഖലയിൽ കയറുൽപന്നങ്ങളുടെ സ്ഥായിയായ ഉൽപാദനം നിലനിർത്തുക, വിപണനം മെച്ചപ്പെടുത്തുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രാഥമിക സഹകരണ സംഘങ്ങളും അപ്പെക്സ് സൊസൈറ്റികളും പൊതുമേഖലാ സ്ഥാപനങ്ങളും മുഖാന്തരം കയറിന്റെയും പിവിസി, റബ്ബർ അധിഷ്ഠിത കയർ ഉൽപന്നങ്ങളുടെയും ഉൽപാദനവും കയറ്റുമതിയും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായും പാരമ്പര്യ കയർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം,

വിപണനം എന്നിവയ്ക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-106-34—<u>വില വ്യതിയാന നിധി</u>

കയർ ഉൽപന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വില സ്ഥിരതയ്ക്കു വേണ്ടി ലക്ഷ്യമിടുന്ന പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം 30000 ടൺ കയർ ഉൽപാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും ഇതിനാവശ്യമായ ചകിരിയും മറ്റ് ഉൽപന്നങ്ങളും ചെലവിന് അനുസൃതമായ വിലയ്ക്ക് സംഘങ്ങളിൽ നിന്നും സംഭരിക്കുന്നതിനും അനുബന്ധ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും കമ്പോളവിലയ്ക്ക് വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനും നിയമാനുസൃത കൂലി ഉറപ്പാക്കുന്നതിനും ഈ ശീർഷകത്തിൽ അധിക തുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 52 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6851-00-106-84 —<u>കയർ വ്യവസായത്തിന്റെ പുനഃസംഘടന-രണ്ടാം ഘട്ടം</u>

കയർ വ്യവസായ തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും യന്ത്രവത്ക്കരണം, പ്രവർത്തന മൂലധന സഹായം, സാങ്കേതിക വിദ്യ പ്രാപ്തി, വിപണി വികസനം, പ്രൊഫഷണൽ വികസനം, കാര്യശേഷി വികസനം, തുടങ്ങിയ പ്രവർത്തനങ്ങൾക്കായി NCDC സഹായത്തോടെ കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടന പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ചിരുന്ന 200 കോടി രൂപയിൽ 110 കോടി രൂപ 2020-21 വരെ ലഭിച്ചിട്ടുള്ളതായി വിലയിരുത്തിയ സമിതി പദ്ധതി പൂർത്തീകരണത്തിനായി പ്രസ്തുത ശീർഷകത്തിൽ അവശേഷിക്കുന്ന 90 കോടി രൂപ NCDC യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4851-00-106-75—<u>കയർ വ്യവസായങ്ങൾ - പള്ളിപ്പുറം വികസന കേന്ദ്രത്തിൽ കയർ ക്ലസ്റ്റർ സ്ഥാപിക്കൽ</u>

കയർ വ്യവസായത്തിന്റെ രണ്ടാം ഘട്ട പുനഃസംഘടനയുടെ ഭാഗമായി പള്ളിപ്പുറം ഡെവലപ്മെന്റ് ഏരിയയിൽ കയർ വികസന വകുപ്പിന് അനുവദിച്ചുകൊണ്ട് ഉത്തരവായ 10 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായും പ്രസ്തുത ഭൂമിക്ക് നാളിതുവരെ കെ.എസ്.ഐ.ഡി.സി-ക്ക് ചെലവായിട്ടുള്ള തുക നൽകുന്നതിനും സർക്കാർ നൽകേണ്ടതായ മറ്റ് കുടിശ്ശിക അടച്ച് തീർത്ത് ഭൂമി കയർ വികസന വകുപ്പിന്റെ പൂർണ്ണ

ഉടമസ്ഥാവകാശത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും ഭൂമിയിൽ അടിയന്തരമായി ചെയ്തുതീർക്കേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുമായുള്ള പുതിയ പദ്ധതിക്കായി ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളൂവെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ, ഏറ്റെടുക്കുന്ന ഭൂമിയിൽ നൂതന ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറികൾ ആരംഭിക്കുന്നതിനും കുടിശ്ശിക തീർത്ത് ഭൂമി ഏറ്റെടുക്കുന്നതിനും ലാന്റ് ഡെവലപ്മെന്റിനുമായി പ്രസ്തുത ശീർഷകത്തിൽ 2.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4851-00-106-74—<u>കയർ വ്യവസായങ്ങൾ- കണിച്ചുകുളങ്ങരയിൽ വ്യാവസായിക അടിസ്ഥാനത്തിൽ കയർ ബൈൻഡർലെസ് ബോർഡ് ഉത്പാദിപ്പിക്കുന്ന ഫാക്ടറി സ്ഥാപിക്കൽ</u>

കയർ വ്യവസായത്തിന്റെ രണ്ടാം ഘട്ട പുനഃസംഘടനയുടെ ഭാഗമായി കണിച്ചുകുളങ്ങരയിൽ കയർ വികസന വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ ബൈൻഡർലെസ് ബോർഡ് ഫാക്ടറി സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ഫാക്ടറിക്ക് യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും റിസർച്ച് & ഡെവലപ്മെന്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും അനുവദിച്ച തുക കുറവാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 2.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4851-00-106-73—<u>കയർ വ്യവസായങ്ങൾ- യന്ത്രവത്കൃത സഹകരണ കയർ ഉത്പന്ന ഫാക്ടറികൾ സ്ഥാപിക്കൽ</u>

കയർ വ്യവസായത്തിന്റെ രണ്ടാം ഘട്ട പുനഃസംഘടനയിലെ പ്രധാനപ്പെട്ട ഇനങ്ങളിൽ ഒന്നായ കയർ രംഗത്ത് നൂതന ഉത്പന്ന ഫാക്ടറികൾ സ്ഥാപിക്കുക, പരമ്പരാഗത ഉത്പന്നങ്ങളായ കയർ യാണിനും മാറ്റ്സ് & മാറ്റിംഗ്സ് ഉത്പന്നങ്ങൾക്കും വിപണി വിപുലീകരിക്കുക, ഈ കാലഘട്ടത്തിൽ ഏറെ സാധ്യതകളുള്ള നീഡിൽ ഫെൽറ്റ് ഉത്പന്നങ്ങളും ടഫ്റ്റഡ് ഉത്പന്നങ്ങളും മാർക്കറ്റിൽ എത്തിക്കുക, തുടങ്ങിയവ കേരളത്തിലെ കയർ വ്യവസായ വികസനത്തിന് അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കി. പ്രസ്തുത ആവശ്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെടുന്ന സംഘങ്ങളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനും ആസ്തികൾ സൃഷ്ടിക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 9.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2851-00-106-35—<u>കയർ മേഖലയിലെ അപ്പെക്സ് ബോഡിക്കുള്ള ധനസഹായം</u>

കയർ മേഖലയുടെ മൊത്തത്തിലുള്ള വളർച്ചയെ ലക്ഷ്യമിട്ട് രൂപീകരിച്ച ഉന്നതാധികാരസമിതിയായ കയർ അപ്പെക്സ് ബോഡിയുടെ പ്രവർത്തനങ്ങൾക്കായി 2020-21 ബഡ്ജറ്റിൽ 2851-00-106-35 - കയർ മേഖലയ്ക്കുള്ള അപ്പെക്സ് ബോഡി എന്ന ശീർഷകം അനുവദിച്ചിരുന്നുവെങ്കിലും ഈ ബഡ്ജറ്റിൽ ശീർഷകം ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ, കയർ അപ്പക്സ് ബോഡിയുടെ പ്രവർത്തനം ആവശ്യമായതിനാൽ മേൽ ശീർഷകം പുനഃസ്ഥാപിച്ച് അപ്പക്സ് ബോഡിയുടെ പ്രവർത്തനങ്ങൾക്കായി ഉപധനാഭ്യർത്ഥന വഴി 25 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2851-00-106-26—<u>കയർ ഉൽപാദിപ്പിക്കുന്ന സംഘങ്ങളുടെ പുനഃസംഘടനയും മാനേജീരിയൽ സബ്സിഡിയും</u>

കയർ വ്യവസായത്തിന്റെ പുനഃസംഘടന രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ വേതനത്തിന്റെ ഒരു ഭാഗം പരമാവധി പ്രതിമാസം 5000 രൂപ, സർക്കാർ ഗ്രാന്റായി നൽകി വരുന്ന പദ്ധതി തുടർന്നും നടപ്പാക്കുന്നതിനും കയർ സഹകരണ സംഘം ജീവനക്കാരുടെ മിനിമം വേതനം ഉറപ്പാക്കുന്നതിനും തുക ആവശ്യമാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്**

2851-00-105-95-10—<u>കേരള ഖാദി തൊഴിലാളി ക്ഷേമനിധി -സംഭാവന</u>

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ചട്ട പ്രകാരം തൊഴിലാളി വിഹിതത്തിന് തുല്യമായ തുക സർക്കാർ ഗ്രാന്റായി അംശാദായം നൽകണമെന്നതിനാലും സർക്കാർ വിഹിതം എല്ലാവർഷവും കൃത്യമായി ലഭിക്കാത്തതിനാൽ ഈ ഇനത്തിലുള്ള കുടിശ്ശിക തുക 8.7457928 കോടി രൂപയാണെന്നും ക്ഷേമനിധിയിൽ നിന്ന് പെൻഷനും വിവിധ ആനുകൂല്യങ്ങളും നൽകുന്നതുൾപ്പെടെയുള്ള പ്രധാന പ്രവർത്തനങ്ങൾ നിറവേറ്റുന്നതിന് കഴിയാത്ത സാഹചര്യമാണെന്നും ഈ ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും സമിതി നിരീക്ഷിച്ചു. ആയതിനാൽ ചട്ട പ്രകാരമുള്ള സർക്കാർ വിഹിതം കുടിശ്ശികയായ 8.7457928 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.30 -ന് പിരിഞ്ഞു.

# 2021 ജൂൺ 23-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2021 ജൂൺ 23-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. നിയമം വ്യവസായം കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന്റെ വീഡിയോ കോൺഫറൻസിലൂടെയുള്ള അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. ബാബു (നെന്മാറ), എം.എൽ.എ.
2. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
4. ശ്രീ. വി. ശശി, എം.എൽ.എ.
5. ശ്രീ. കെ. എൻ, ഉണ്ണികൃഷ്ണൻ, എം.എൽ.എ.
6. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.
7. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.
8. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്തു).

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീ.കെ.ജി. ത്രിദീപ്, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജയശ്രീ എം. ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ഡോ.കെ.ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
3. ശ്രീ. രാജേഷ് സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ (കശുവണ്ടി) വകുപ്പ്
4. ശ്രീ.അനൂപ് എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. മുരളി എസ്., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

6. ശ്രീമതി ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. എസ്. കാർത്തികേയൻ, ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്
8. ക്യാപ്റ്റൻ വിനോദ് മാത്യു, ഡയറക്ടർ (ഇൻ-ചാർജ്ജ്), സൈനിക ക്ഷേമ വകുപ്പ്
9. ശ്രീ. പി. വി.ബാബു, ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്
10. ശ്രീ.നാരായണ മൂർത്തി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ , കെൽട്രോൺ
11. ശ്രീ.എ. ഷാജഹാൻ, മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്
12. ശ്രീ.കെ.ബി.ജയകുമാർ, മാനേജിംഗ് ഡയറക്ടർ, സിഡ്കോ & കെംഡൽ
13. ശ്രീ.രാജേഷ് രാമകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്
14. ശ്രീ. കെ.ടി. ജയരാജൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്
15. ശ്രീ.എൻ.കെ. മനോജ്, മാനേജിംഗ് ഡയറക്ടർ, ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
16. ശ്രീ. പ്രസാദ് മാത്യു, മാനേജിംഗ് ഡയറക്ടർ, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
17. ശ്രീ. അശോക് ലാൽ ജി., ജനറൽ മാനേജർ, കെ.എസ്.ഐ.ഡി.സി.
18. ശ്രീ.അശോക് ആർ., ചെയർമാൻ, റിയാബ്
19. ശ്രീമതി ലത എസ്., അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്
20. ശ്രീ.ശ്യാം കൃഷ്ണൻ കെ., ഡെപ്യൂട്ടി ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് .

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ</u> :

1. ശ്രീ.കെ.ജി. കൃഷ്ണകുമാർ, മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കണ്ണൂർ
2. ശ്രീ.ബാലകൃഷ്ണൻ, മാനേജിംഗ് ഡയറക്ടർ, കേരള ക്ലെയ്സ് ആന്റ് സെറാമിക് പ്രോഡക്ട് ലിമിറ്റഡ്

3. ശ്രീ.ജോർജ്ജ് നൈനാൻ, മാനേജിംഗ് ഡയറക്ടർ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്
4. ശ്രീ.ബി.പ്രസാദ്, മാനേജിംഗ് ഡയറക്ടർ, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്
5. ശ്രീ.ആർ.രാജേഷ്, മാനേജിംഗ് ഡയറക്ടർ, കാപ്പെക്സ്
6. ശ്രീ.സന്തോഷ് കോശി തോമസ്, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര
7. കമാൻഡർ പി. സുരേഷ്, മാനേജിംഗ് ഡയറക്ടർ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് & സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (അഡീഷണൽ ചാർജ്ജ്)
8. ശ്രീ.ചന്ദ്രബാബു ജെ., മാനേജിംഗ് ഡയറക്ടർ, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്
9. ശ്രീ.കെ.ഹരികുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
10. ശ്രീ. ഷാജി. എം. വർഗ്ഗീസ്, മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്
11. ശ്രീ.എ.എം.അബ്ദുൾ റഷീദ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്
12. ശ്രീ.എം.മുരളീധരൻ, ജനറൽ മാനേജർ, മലബാർ സിമന്റ്സ് ലിമിറ്റഡ്
13. ശ്രീ.ജോസഫ് സജി, ഡയറക്ടർ, കിൻഫ്ര ഇലക്ട്രോണിക് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ്

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ പരിധിയിൽ വരുന്ന മൈനിങ് ആന്റ് ജിയോളജി വകുപ്പ്, പൊതുമേഖലാ വ്യവസായങ്ങൾ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നീ ശീർഷകങ്ങളിലെ വിവിധ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**മൈനിങ് ആന്റ് ജിയോളജി വകുപ്പ്**

2853-02-102-99-34—ധാതു അന്വേഷണങ്ങൾ -മറ്റ് ചെലവുകൾ

സംസ്ഥാനത്ത് ധാതുപര്യവേഷണം നടത്തുന്നതിനായി ശേഖരിക്കുന്ന ധാതുക്കളുടെ സാമ്പിളുകളുടെ പരിശോധനയ്ക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി രാസപരിശോധനശാല ശക്തിപ്പെടുത്തുന്നതിനും രാസപരിശോധനയ്ക്കാവശ്യമായ രാസപദാർത്ഥങ്ങളും ഗ്ലാസ് വെയറുകളും വാങ്ങുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 47 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2853-02-001-97—ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കൽ

കേരള ഓൺലൈൻ മൈനിങ് പെർമിറ്റ് അവാർഡിങ് സർവീസസ് എന്ന പദ്ധതിയിലൂടെ എൻ.ഐ.സി മുഖാന്തരം നടപ്പാക്കുന്ന ഇ-ഗവേണൻസ് പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിനും ഇ-ആഫീസ് നടപ്പിലാക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.021 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2853-02-001-96—മൈനിങ് &ജിയോളജി വകുപ്പിന്റെ ആധുനീകരണം

മൈനിങ് & ജിയോളജി വകുപ്പിന്റെ 14 ജില്ലാ ആഫീസുകളിലും 3 മിനറൽ സ്ക്വാഡുകളിലും ഇ-ആഫീസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട സീറ്റിംഗ് അറേഞ്ച്മെന്റ്, ക്യൂബിക്കിൾ നിർമ്മാണം തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് മനസ്സിലാക്കി സമിതി പ്രസ്തുത ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**പൊതുമേഖലാ വ്യവസായങ്ങൾ**

4860-60-190-94—കെ.എസ്.സി.ഡി.സി-യുടെ കീഴിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവൽക്കരണവും

2852-08-600-82—കശുവണ്ടി വികസന കോർപ്പറേഷൻ -ബ്രാൻഡ് പ്രൊമോഷൻ

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ റിക്വിസിഷൻ ആന്റ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുത്തിട്ടുള്ള 20 ഫാക്ടറികൾ ന്യായമായ വില നൽകി ഏറ്റെടുക്കുന്നതിന് 62.05 കോടി രൂപയും കോർപ്പറേഷൻ അടക്കാനുള്ള 2014-15 വർഷങ്ങളിലെ ഇ.പി.എഫ് തൊഴിലുടമ വിഹിതത്തിന്റെ കുടിശ്ശികയായ 3.77 കോടി രൂപയും പ്രവർത്തന മൂലധന സഹായത്തിനായി 100 കോടി രൂപയും KGST/CST 2005 വരെയുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി 15.89 കോടി രൂപയും ഉൾപ്പെടെ ആകെ

181.71 കോടി രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകങ്ങളിൽ 181.71 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഗ്രാറ്റുവിറ്റിക്കായി നോൺ പ്ലാൻ ഇനത്തിൽ ഒരു പുതിയ ബഡ്ജറ്റ് ശീർഷകം അനുവദിച്ച് അതിൽ 40.36 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4851-00-195-99—കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ എന്ന ശീർഷകത്തിൽ 5 കോടി രൂപയും 2852-08-600-81 - ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നതായി സമിതി മനസ്സിലാക്കി. എന്നാൽ 2016 മുതൽ 2020 വരെ കാപ്പെക്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനും വിവിധ കോടതികളിലും അർദ്ധ ജുഡീഷ്യൽ ഫോറങ്ങളിലും ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുവാനുള്ള കേസുകൾ തീർപ്പാക്കുന്നതിനും പ്രസ്തുത തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ പ്രസ്തുത ആവശ്യത്തിനായി നോൺ പ്ലാൻ ഇനത്തിൽ ഒരു പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4885-01-200-95—കെ.എസ്.ഐ.ഡി.സി മുഖേനയുള്ള വ്യാവസായിക പ്രോത്സാഹന പ്രവർത്തനങ്ങളുടെ നിർവ്വഹണം

പ്രസ്തുത ശീർഷകത്തിൻ കീഴിൽ ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക് എന്ന ഇനത്തിൽ 5 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കി. ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്കിൽ 61000 ചതുരശ്ര അടിയിലുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിങ്ങിന്റെയും 9000 ചതുരശ്ര അടിയിലുള്ള കാന്റീൻ കം ബാങ്കിങ് കെട്ടിടത്തിന്റെയും നിർമ്മാണം പൂർത്തീകരിക്കുന്നതിനും പ്രസ്തുത പാർക്കിൽ ചുറ്റുമതിൽ പണിയുന്നതിനും ജലവിതരണ സംവിധാനത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ഇനത്തിൽ 5.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

മേൽ ശീർഷകത്തിൻ കീഴിൽ റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങൾ, കണ്ണൂർ എന്ന ഇനത്തിന് ബഡ്ജറ്റിൽ 5 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കി. കെ.എസ്.ഐ.ഡി.സി-ക്ക് 19% ഓഹരി പങ്കാളിത്തത്തോടെ കണ്ണൂർ

ജില്ലാ പഞ്ചായത്ത്, കെ.എസ്.ഐ.ഡി.സി, കിൻഫ്ര, KEL എന്നിവയുടെ സംയുക്ത സംരംഭമായി കണ്ണൂർ നാച്ചുറൽ റബ്ബർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന പേരിൽ കണ്ണൂരിലെ റബ്ബർ യൂണിറ്റിനുവേണ്ടി രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനിയുടെ പ്രാരംഭ പ്രവർത്തന ചെലവുകൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ഇനത്തിന് 2.5044 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

**വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ**

6853-60-190-97—ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

കോപ്പറാസ് റിക്കവറി പ്ലാന്റ്, ഫൈബർ ഗ്രേഡ് പ്ലാന്റ് എന്നിവയുടെ പ്രവർത്തനം, സൾഫ്യൂറിക് ആസിഡ് പ്ലാന്റിന്റെ നവീകരണം മുതലായ ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവത്ക്കരണ പദ്ധതികൾക്കായി 11.79 കോടി രൂപയും മാലിന്യത്തിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന, എഫ്ലുവെന്റിനെ ഉപ ഉത്പന്നങ്ങളായി മാറ്റുന്ന പദ്ധതിക്കായി 40 കോടി രൂപയും ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 51.79 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6854-01-190-99—മലബാർ സിമന്റ്സ് വാളയാർ വായ്പകൾ

മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ വാളയാറിലെയും ചേർത്തലയിലെയും പ്രവർത്തന മൂലധനത്തിനും മറ്റ് ചെലവുകൾക്കും തുക ആവശ്യമായിരുന്നതിനാൽ മുൻ വർഷങ്ങളിൽ മലബാർ സിമന്റ്സിന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് സ്ഥലത്ത് 0.3 ദശലക്ഷം ടൺ ബൾക്ക് സിമന്റ് ടെർമിനലും ലോജിസ്റ്റിക് ഹബ്ബും സ്ഥാപിക്കുന്ന പദ്ധതിക്ക് മൂലധനച്ചെലവ് കണ്ടെത്താൻ സാധിച്ചിരുന്നില്ലെന്ന് സമിതി മനസ്സിലാക്കി ആയതിനാൽ, പ്രസ്തുത പദ്ധതിക്കായി മേൽ ശീർഷകത്തിൽ 58.27 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6857-02-190-99—കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ഇൻഡസ്ട്രീസിനുള്ള വായ്പ.

125 ഓളം കുത്തിവയ്പ്പ് മരുന്നുകളുടെയും നേത്രശുശ്രൂഷ മരുന്നുകളുടെയും രൂപവൽക്കരണത്തിനായി നിയമാനുസൃത ഉൽപാദനക്ഷമത കൈവരിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 16.15 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-04-190-89—<u>ആട്ടോകാസ്റ്റ് ലിമിറ്റഡിനുള്ള വായ്പ</u>

എൽ.എച്ച്.ബി ബോഗി നിർമ്മാണത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ആട്ടോമേറ്റഡ് മെഷീൻ മോൾഡിംഗ് ലൈൻ സ്ഥാപിക്കുന്നതിനും കോവിഡ് കാലയളവിൽ കമ്പനിക്കുണ്ടായ നഷ്ടം നികത്തുന്നതിനും പ്രവർത്തനം തുടരുന്നതിനും കമ്പനിയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും സുഗമമായ പ്രവർത്തനത്തിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 43.935 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-04-190-84—<u>സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനുള്ള വായ്പ</u>

ഷൊർണ്ണൂർ മെഷീനിംഗ് യൂണിറ്റിൽ ഗിയർ ഗ്രൈൻഡിങ്, ബോർ ഗ്രൈൻഡിങ്, കോർഡിനേറ്റ മെഷറിങ് മെഷീനുകൾ വാങ്ങുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-02-190-94—<u>മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനുള്ള വായ്പകൾ</u>

ഷൊർണ്ണൂർ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് 3 ടൺ ഓപ്പൺ ഡൈ ഫോർജിങ് ഹാമ്മറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിന് 14-8-2020-ലെ ഭരണാനുമതി പ്രകാരം 3 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും 1.5 കോടി രൂപ മാത്രം ലഭിച്ചിട്ടുള്ളതിനാൽ മുൻ വർഷം ലഭിക്കാതിരുന്ന 1.5 കോടി രൂപ ഈ വർഷം അധികമായി അനുവദിക്കേണ്ടതുണ്ടെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-03-190-99—<u>കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് - ത്രീവീലർ പ്രോജക്ട്</u>

ഇലക്ട്രിക് വാഹനത്തിന്റെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് നടത്തുന്നതിനും ഓട്ടോമോട്ടീവ് വാഹനങ്ങൾ ഓരോ വർഷവും പുതിയ മോഡൽ നിരത്തിലിറക്കി വൻകിട നിർമ്മാതാക്കളുമായി മത്സരിക്കുന്നതിന് പുതിയ ഇലക്ട്രിക് സ്കൂട്ടർ, ഇലക്ട്രിക് ഓട്ടോ, ഇലക്ട്രിക് കാർഗോ വാഹനം, ഇലക്ട്രിക് റിക്ഷ, ഇലക്ട്രിക് ബസ് എന്നിവ നിർമ്മിക്കുക, ഇലക്ട്രിക് വാഹനങ്ങൾക്കാവശ്യമായ ടെസ്റ്റിങ് സൗകര്യം ഒരുക്കുക തുടങ്ങിയ

അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 45 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-01-190-98—ട്രാക്കോ കേബിൾസ് ലിമിറ്റഡിനുള്ള വായ്പകൾ

ട്രാക്കോ കേബിൾ കമ്പനിയുടെ തിരുവല്ല യൂണിറ്റിൽ ഡ്രൈ ക്യൂവർ സാങ്കേതിക വിദ്യ ഉപയോഗിച്ച് എക്സ്.എൽ.പി.ഇ കേബിളുകളുടെ നിർമ്മാണം ലക്ഷ്യമിടുന്ന പദ്ധതി പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 4.20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6858-01-190-97—ട്രാൻസ്ഫോർമേഴ്സ് ആന്റ് കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡിനുള്ള വായ്പ

ടെൽക്കിൽ വി.പി.ഡി-യും ക്രെയിൻ ആധുനികവൽക്കരണവും നടപ്പിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6859-02-190-99—കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് വികസന കോർപ്പറേഷനുള്ള വായ്പകൾ

2019-2020-ൽ ഭരണാനുമതി ലഭിച്ച കരകുളം, അരൂർ യൂണിറ്റുകളിൽ ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുതനിലയം സ്ഥാപിക്കുന്നതിനും മൂടാടി യൂണിറ്റിൽ ശ്രവണ സഹായികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നൂതന സാങ്കേതിക മെഷീനുകൾ സ്ഥാപിക്കുന്നതിനും 2020-2021-ൽ ഭരണാനുമതി ലഭിച്ച മൺവിളയിലെ കെൽട്രോൺ കമ്മ്യൂണിക്കേഷൻ കോംപ്ലക്സിലെ കമ്മ്യൂണിക്കേഷൻ പ്രോജക്ട് ഗ്രൂപ്പിന്റെ സുരക്ഷാ നിരീക്ഷണ പദ്ധതിക്ക വേണ്ടിയുള്ള ക്യാമറ അസംബ്ലി സംവിധാനം സ്ഥാപിക്കുന്നതിനും കരകുളത്തെ പവർ ഇലക്ട്രോണിക്സ് ഗ്രൂപ്പിനെ നവീകരിച്ച് പവർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനും ഇലക്ട്രോണിക് കോംപണന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും പൾസ് ഓക്സിമീറ്റർ, മെഡിക്കൽ ഓക്സിജൻ കോൺസൺട്രേറ്റർ എന്നിവയുടെ നിർമ്മാണത്തിനും വാണിജ്യവൽക്കരണത്തിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 14.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6860-60-190-79—<u>കേരള ക്ലേസ് & സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡിനുള്ള വായ്പകൾ</u>

കെ.സി.സി.പി-യുടെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി 2018-19-ൽ ഭരണാനുമതി നൽകിയ കോക്കനട്ട് പ്രൊസസിംഗ് പ്ലാന്റ്, കയർ ഡീഫൈബറിങ് മാനുഫാക്ചറിങ് യൂണിറ്റ് എന്നീ പദ്ധതികൾ പൂർത്തിയാക്കുന്നതിനായി ബഡ്ജറ്റിൽ പ്രസ്തുത ശീർഷകത്തിൻ കീഴിൽ ഈ ഘടകത്തിൽ വകയിരുത്തിയ 3 കോടി രൂപ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ പ്രസ്തുത ഘടകത്തിൽ 13.2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

4885-01-190-95—<u>കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡിന് സർക്കാർ ഇക്വിറ്റി മൂലധനം</u>

ഐ.എസ്.ആർ.ഒ-യുടെ സാങ്കേതിക സഹായത്തോടെ ചെയ്യുന്ന സൂപ്പർ കപ്പാസിറ്റർ നിർമ്മാണ പദ്ധതി കേന്ദ്ര സർക്കാരിന്റെ ഇൻസെന്റീവ് ലഭിക്കുന്നതിന് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി മെഷീനറികൾ വാങ്ങുന്നതിനും മറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ശീർഷകത്തിൽ 6.96 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6851-00-190-90—<u>കേരള സംസ്ഥാന ചെറുകിട വ്യാവസായിക കോർപ്പറേഷനുള്ള വായ്പ</u>

സിഡ്കോയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുമായി ബന്ധപ്പെട്ട 9 പ്രൊഡക്ഷൻ യൂണിറ്റുകളുടെ നവീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനും സിഡ്കോ പുതിയതായി ആരംഭിക്കുവാൻ പോകുന്ന വ്യവസായ എസ്റ്റേറ്റുകളുടെയും പാർക്കുകളുടെയും നവീകരണത്തിനുള്ള പദ്ധതിക്കും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 13.92 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.45 ന് പിരിഞ്ഞു.

## 2021 ജൂൺ 30-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2021 ജൂൺ 30-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ.പി.രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
2. ശ്രീ. കെ. എൻ, ഉണ്ണിക്കൃഷ്ണൻ, എം.എൽ.എ.
3. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.
4. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.
5. ശ്രീ. കെ.ബാബു (*നെന്മാറ*), എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്തു)

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ.കെ.ജി ത്രിദീപ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ്, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീ. രാജേഷ് കുമാർ സിൻഹ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ (കശുവണ്ടി) വകുപ്പ് (ഓൺലൈനിൽ)
3. ശ്രീ. കെ.അശോകൻ, അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
4. ശ്രീ. വി.ആർ. വിനോദ്, ഡയറക്ടർ, കയർ വികസന വകുപ്പ്
5. ശ്രീമതി ലത എസ്., അണ്ടർ സെക്രട്ടറി, വ്യവസായ വകുപ്പ്
6. ശ്രീ.ബൈജു കുമാർ, അണ്ടർ സെക്രട്ടറി, വ്യവസായ (കയർ) വകുപ്പ്
7. ശ്രീ. സുരാജ് എസ്., സി.ഇ.ഒ., കെ.ബി.ഐ.പി.

(I) സമിതി, 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXVII-ന്റെ പരിധിയിൽ വരുന്ന പൊതുവ്യവസായങ്ങൾ എന്ന ശീർഷകത്തിലെ താഴെപ്പറയുന്ന കണക്കിനങ്ങൾ പരിശോധിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ആവശ്യമായ ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

2852-08-600-90—<u>ജൈവ കശുവണ്ടി കൃഷിക്കും തോട്ടണ്ടി ബാങ്ക് സ്ഥാപിക്കുന്നതിനും</u>

സംസ്ഥാനത്തെ 64 താലൂക്കുകളിലും കശുമാവ് കർഷകരുടെ കൂട്ടായ്മകൾ ആരംഭിക്കുക, കെ.എസ്.എ.സി.സി-യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് നബാർഡ് (നാബ്കോൺ) മുഖേന റിപ്പോർട്ട് തയ്യാറാക്കുക, സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള നഴ്സറികളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുള്ള ഐ.സി.എ.ആർ. പുത്തൂർ നഴ്സറിയിൽ നിന്നുമുള്ള കശുമാവ് തൈകളുടെ ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ് & അൺലോഡിംഗ് ഓഫ് കാഷ്യൂ ഗ്രാഫ്റ്റ് എന്നിവയ്ക്കായുള്ള ചെലവുകൾക്കും കശുമാവ് കർഷകർക്കുള്ള പരിശീലന പരിപാടികൾ, സെമിനാറുകൾ, പബ്ലിസിറ്റി, മിഷൻ മാനേജ്മെന്റ്, ഡിജിറ്റലൈസേഷൻ തുടങ്ങിയവയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6860-60-190-78—<u>കേരള കശുവണ്ടി ബോർഡ് ലിമിറ്റഡിനുള്ള വായ്പകൾ</u>

കെ.എസ്.ഐ.ഡി.സി, കാപ്പെക്സ് എന്നിവയ്ക്കായി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടി ഇറക്കുമതിക്കും ഇറക്കുമതി ആവശ്യത്തിലേക്കായി കേരള ബാങ്കിലേക്കും സർക്കാരിൽ നിന്നും ലഭിച്ച വായ്പയുടെ തിരിച്ചടവിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

(II) <u>2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണന സംബന്ധിച്ച്</u>

(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നിസെ.)

സമിതി, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 1, 3, 20-23, 29, 39, 41, 44 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(III) <u>സമിതി, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ, കരട് പരിഗണിച്ച സമിതി താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിച്ചു</u>

(എ) കരട് റിപ്പോർട്ടിലെ "പുതിയ ശീർഷകം അനുവദിക്കുന്നതിന് " എന്ന ശീർഷകത്തിൻ കീഴിലെ 50, 51 എന്നീ ശിപാർശകൾ താഴെ പറയുന്ന രീതിയിൽ പുനഃക്രമീകരിക്കാൻ സമിതി നിർദ്ദേശിച്ചു.

(a) "കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകേണ്ടത് അനിവാര്യമായതിനാൽ നോൺ പ്ലാൻ ഇനത്തിൽ ഒരു പുതിയ ബഡ്ജറ്റ് ശീർഷകം അനുവദിച്ച് അതിൽ 40.36 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

(b) " 4851-00-195-99-കാപ്പെക്സിൽ ഓഹരി മൂലധന സഹായ നിക്ഷേപങ്ങൾ എന്ന ശീർഷകത്തിൽ 5 കോടി രൂപയും 2852-08-600-81 - ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവൽക്കരണവും എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നതായും എന്നാൽ 2016 മുതൽ 2020 വരെ കാപ്പെക്സിൽ നിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനും വിവിധ കോടതികളിലും അർദ്ധ ജുഡീഷ്യൽ ഫോറങ്ങളിലും ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുവാനുള്ള കേസുകൾ തീർപ്പാക്കുന്നതിനും നോൺ പ്ലാൻ ഇനത്തിൽ ഒരു പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

(ബി) 2852-08-600-90, 6860-60-190-78 എന്നീ ശീർഷകങ്ങൾ സംബന്ധിച്ച് സമിതി ഈ യോഗത്തിൽ നടത്തിയ ശിപാർശകൾ താഴെപ്പറയുംപ്രകാരം ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു.

സംസ്ഥാനത്തെ 64 താലൂക്കുകളിലും കശുമാവ് കർഷകരുടെ കൂട്ടായ്മകൾ ആരംഭിക്കുക, കെ.എസ്.എ.സി.സി.-യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് നബാർഡ് (നാബ്കോൺ) മുഖേന റിപ്പോർട്ട് തയ്യാറാക്കുക, സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള നഴ്സറികളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുള്ള ഐ.സി.എ.ആർ. പുത്തൂർ നഴ്സറിയിൽ നിന്നുമുള്ള കശുമാവ് തൈകളുടെ ട്രാൻസ്പോർട്ടേഷൻ, ലോഡിംഗ് & അൺലോഡിംഗ് ഓഫ് കാഷ്യൂ ഗ്രാഫ്റ്റ് എന്നിവയ്ക്കായുള്ള ചെലവുകൾക്കും കശുമാവ് കർഷകർക്കുള്ള പരിശീലന പരിപാടികൾ, സെമിനാറുകൾ, പബ്ലിസിറ്റി, മിഷൻ മാനേജ്മെന്റ്, ഡിജിറ്റലൈസേഷൻ തുടങ്ങിയവയ്ക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രസ്തുത ശീർഷകത്തിൽ 1.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

കെ. എസ്. ഐ. ഡി. സി., കാപ്പെക്സ് എന്നിവയ്ക്കായി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള തോട്ടണ്ടി ഇറക്കുമതിക്കും ഇറക്കുമതി ആവശ്യത്തിലേക്കായി കേരള ബാങ്കിലേക്കും സർക്കാരിൽ നിന്നും ലഭിച്ച വായ്പയുടെ തിരിച്ചടവിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

(IV)<u>സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളുടെ കരട് യോഗം  പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു</u>

1. സമിതിയുടെ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

2. സമിതിയുടെ 2020-21 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് .

യോഗം ഉച്ചയ്ക്ക് 12 മണിക്ക് പിരിഞ്ഞു.

## 2021 ഒക്ടോബർ 7-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2021 ഒക്ടോബർ 7-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകിട്ട് 4.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനായ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ.പി.രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ.
2. ശ്രീ. കെ. ബാബു (*നെന്മാറ*), എം.എൽ.എ.
3. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
4. ശ്രീ. വി. ശശി, എം.എൽ.എ.
5. ശ്രീ. കെ. എൻ., ഉണ്ണികൃഷ്ണൻ, എം.എൽ.എ.
6. ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.
7. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. ശ്രീദീപ് കെ. ജി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജയശ്രീ എം, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. സജീവൻ പി. കെ., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ.കെ.ഇളങ്കോവൻ, പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
2. ശ്രീമതി കെ.എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി മാലതി എസ്., അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്
4. ശ്രീ. ഹരികിഷോർ, ഡയറക്ടർ, വ്യവസായവും മൈനിംഗും വകുപ്പ്
5. ശ്രീ.വി.ആർ. വിനോദ്, ഡയറക്ടർ, കയർ വികസന വകുപ്പ്
6. ശ്രീ. സന്തോഷ് കോശി, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര

7. ശ്രീമതി രേണുക ദേവി ബി.എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

8. ശ്രീ. ഷമീർ ബാനു, ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

9. ശ്രീ. മുരളി എസ്., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

10. ഡോ. ബി. അജയ് കുമാർ, ജിയോളജിസ്റ്റ്, മൈനിംഗ് & ജിയോളജി വകുപ്പ്.

സമിതി, The Kerala Coir Workers' Welfare Fund (Amendment) Bill 2021, 2021-ലെ കേരള സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021 -ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

1. The Kerala Coir Workers' Welfare Fund (Amendment) Bill, 2021 (Bill.No.60)

സമിതി, The Kerala Coir Workers' Welfare Fund (Amendment) Bill, 2021 ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

*Clause-2*

After sub-clause (2) of Clause 2, the following sub-clause shall be inserted, namely:—

(3) after sub-section (7), the following sub-sections shall be inserted, namely:—

" (8) The Government may by notification in the Gazette, revise the rate of contribution specified in sub-sections (1), (2), (4) and the rate of grant specified in sub-section (3).

(9) Every notification under sub-section (8) shall be laid, as soon as may be, after it is issued, before the Legislative Assembly while it is in session for a total period of fourteen days, which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the notification or decides that the notification should not be issued, the notification shall, thereafter, have effect only in such modified form or be of no effect, as the case may be, so however that any such modification or annulment shall be without prejudice to the validity of anything previously done under that notification."

ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ., ശ്രീ.പി.സി. വിഷ്ണുനാഥ്, എം.എൽ.എ. എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

2. 2021 -ലെ കേരള സൂക്ഷ്മ- ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി ) ബിൽ (ബിൽ നമ്പർ 66)

സമിതി, 2021 -ലെ കേരള- സൂക്ഷ്മ- ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

6-ാം ഖണ്ഡം

(1 ) ബില്ലിലെ 6-ാം ഖണ്ഡപ്രകാരം 2019 -ലെ കേരള സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 6 എ വകുപ്പിൽ, —

(i) (1)-ാം ഉപവകുപ്പ് (എ) മുതൽ (ഇ) വരെയുള്ള ഖണ്ഡങ്ങൾക്ക് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

(എ) വ്യവസായ വകുപ്പിലെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ചുമതലയുള്ള സെക്രട്ടറി ;

(ബി) ഡയറക്ടർ ജനറൽ, ഫയർ ആൻഡ് റെസ്ക്യൂ ;

(സി) കേരള വ്യവസായ വികസന കോർപ്പറേഷൻ, മാനേജിംഗ് ഡയറക്ടർ ;

(ഡി) ചീഫ് ടൗൺ പ്ലാനർ ;

(ഇ) ലേബർ കമ്മീഷണർ ;

(എഫ്) ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് ;

(ജി) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ;

(എച്ച്) അഡീഷണൽ ഡയറക്ടർ , ഹെൽത്ത് സർവീസസ് ;

(ഐ) ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ് ;

(ജെ) ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ് ;

(കെ) വ്യവസായ ഡയറക്ടർ ;

(എൽ) ബ്യൂറോയുടെ ചെയർമാൻ യുക്തമെന്ന് കരുതുന്ന പ്രകാരം അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രകാരമുള്ള വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ.

(ii) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" (4) ചെയർമാൻ നിശ്ചയിക്കുന്ന സമയത്തും സ്ഥലത്തും ഈ ആക്റ്റ് പ്രകാരമുള്ള ബ്യൂറോയുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനാവശ്യമായ പ്രകാരം ബ്യൂറോ യോഗം ചേരേണ്ടതും അതിന്റെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കേണ്ടതുമാണ്."

(2) 6 ബി വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ,

(എ) (ബി) ഖണ്ഡത്തിൽ "അല്ലെങ്കിൽ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

(ബി) (സി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(ii) (4)ാം ഉപവകുപ്പിൽ, "സമർപ്പിക്കേണ്ടതാണ്" എന്ന വാക്കുകൾക്കുപകരം "സമർപ്പിക്കേണ്ടതും പ്രസ്തുത അംഗീകാരം പുതുക്കുന്നത് ആവശ്യമായി വരുന്ന സംഗതികളിൽ പ്രസ്തുത അംഗീകാരം അവസാനിക്കുന്നതിന് മൂന്ന് മാസം മുമ്പ് ആയത് പുതുക്കുന്നതിനായി ഒരു അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ഓൺലൈൻ ആയി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നൽകേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയത് പുതുക്കി നൽകേണ്ടതുമാണ്". എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8-ാം ഖണ്ഡം

8-ാം ഖണ്ഡത്തിൽ " റദ്ദാക്കലും ഒഴിവാക്കലും ":- എന്ന മാർജിനൽ ശീർഷകത്തിനുശേഷം " 2021- ലെ" എന്ന അക്കങ്ങൾക്കും അക്ഷരത്തിനും മുമ്പ് "(1 )" എന്ന അക്കവും ബ്രാക്കറ്റുകളും "സുഗമമാക്കൽ ഓർഡിനൻസ്" എന്ന വാക്കുകൾക്കു പകരം "സുഗമമാക്കൽ (ഭേദഗതി) ഓർഡിനൻസ്" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ., ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ. എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

3. 2021 -ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ (ബിൽ നമ്പർ 59)

സമിതി, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2

ബില്ലിലെ 2-ാം ഖണ്ഡം (ബി) ഉപഖണ്ഡത്തിൽ "(എ) ഖണ്ഡത്തിലും"എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "(എഡി) ഖണ്ഡത്തിലും" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി, എം.എൽ.എ., ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ. എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം വൈകിട്ട് 4.35 -ന് പിരിഞ്ഞു.

## 2022 ജനുവരി 7-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV, 2022 ജനുവരി 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ.പി.രാജീവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. മഞ്ഞളാംകുഴി അലി, എം. എൽ. എ.
2. ശ്രീ. കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ, എം.എൽ.എ.
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
4. ശ്രീ. വി. ശശി, എം.എൽ.എ.
5. ശ്രീ. പി.സി വിഷ്ണുനാഥ്, എം. എൽ.എ.
6. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം.എൽ.എ.
7. ശ്രീ. കെ ബാബു (*നെന്മാറ*), എം.എൽ.എ. (ഓൺലൈൻ).

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. സജീവൻ പി. കെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1 ശ്രീമതി മാലതി. എസ്., അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്

2 ശ്രീ. അശോകൻ കെ., അഡീഷണൽ സെക്രട്ടറി, വ്യവസായ വകുപ്പ്

3 ശ്രീ. മുരളി എസ്., ജോയിന്റ് സെക്രട്ടറി, വ്യവസായ വകുപ്പ്

4 ശ്രീ. വി.ആർ വിനോദ്., ഡയറക്ടർ, കയർ വികസന ഡയറക്ടറേറ്റ്.

5 ശ്രീമതി ചാന്ദിനി കെ.കെ., ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) കേരള ഖാദി - ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, തിരുവനന്തപുരം

6 ശ്രീ. പ്രദീപ്കുമാർ കെ. എസ്., ഡയറക്ടർ കൈത്തറി ആന്റ് ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്

7 ശ്രീ. കെ. സുധീർ, അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്

8 ശ്രീമതി സിമി സി. എസ്, ജോയിന്റ് ഡയറക്ടർ, വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ്

9 ശ്രീ. സന്തോഷ് കോശി തോമസ്, മാനേജിംഗ് ഡയറക്ടർ, കിൻഫ്ര

10 ശ്രീ.എം.ജി. രാജമാണിക്യം, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന-വ്യവസായ വികസന കോർപ്പറേഷൻ ( കെ.എസ്.ഐ.ഡി.സി.)

11 കേണൽ ഷാജി വർഗ്ഗീസ്, മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ)

12 അഡ്വ. പി. സുരേഷ്, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രീസ് - കേരള ലിമിറ്റഡ് (സിൽക്ക്)

13 ശ്രീ. അനിൽകുമാർ ബി, മാനേജിംഗ് ഡയറക്ടർ, ട്രാക്കോകേബിൾ കമ്പനി ലിമിറ്റഡ്

14 ശ്രീ. എ. എം. അബ്ദുൾ റഷീദ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ.

15 ശ്രീ. പി. വി. ശശീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്

16 ശ്രീ. തോമസ് ജോൺ, ഡെപ്യൂട്ടി രജിസ്ട്രാർ, കയർ വികസന ഡയറക്ടറേറ്റ്

17 ശ്രീ. ബിജു മോഹൻ, സ്പെഷ്യലിസ്റ്റ്, റിയാബ്.

18 ശ്രീ. ലെനി എൻ.ജി., മാനേജർ, സിഡ്കോ.

പ്രസ്തുത യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. <u>കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ പ്രകാരം വ്യവസായ പാർക്കുകളുടെ വികസന പുരോഗതി- അവലോകനം</u>

ചെയർമാന്റെ നിർദ്ദേശാനുസരണം കേരളത്തിലെ വിവിധ വ്യവസായ പാർക്കുകളുടെ വികസന പുരോഗതി സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ വിശദീകരിച്ചു. വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാസ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള 7 വ്യവസായ പാർക്കുകളിലായി 49.86 ഏക്കർ ഭൂമിയാണുള്ളതെന്നും മൂടാടി എസ്റ്റേറ്റിലുള്ള 10 സെന്റ് ഭൂമിയുടെ അലോട്ട്മെന്റ് കൂടി കഴിഞ്ഞാൽ 7 വ്യവസായ

പാർക്കുകളിലേയും മുഴുവൻ സ്ഥലവും വ്യവസായിക ആവശ്യത്തിനായി നൽകിക്കഴിയുമെന്നും പ്രസ്തുത പാർക്കുകളിൽ 178 ചെറുകിട വ്യവസായ സംരംഭങ്ങളാണ് പ്രവർത്തിച്ച് വരുന്നതെന്നും സിഡ്കോ മാനേജർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ 260 ഏക്കർ ഭൂമിയാണ് ഇനി അലോട്ട് ചെയ്യുവാനുള്ളതെന്നും 2878 ഏക്കർ ലീസബിൾ ലാൻഡിൽ പെട്രോ കെമിക്കൽ പാർക്കിന് 160 എക്കർ, മട്ടന്നൂരിലെ 40 ഏക്കർ എന്നിവ ഒഴികെ ഏകദേശം 2607 ഏക്കർ ഭൂമി നൽകിക്കഴിഞ്ഞുവെന്നും കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ കിൻഫ്രയുടെ നിക്ഷേപം 2000-ൽപ്പരം കോടി രൂപയാണെന്നും 1174 യൂണിറ്റുകളുള്ളതിൽ കോവിഡാനന്തരം 50 യൂണിറ്റുകൾ അടഞ്ഞുകിടക്കുകയാണെന്നും ബാക്കി എല്ലാ യൂണിറ്റുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും, 2021 ഡിസംബർ 31-ഓടുകൂടി 57400 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും 4754 കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുവാനും സാധിച്ചിട്ടുണ്ടെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ വ്യക്തമാക്കി.

2021-22 കാലയളവിൽ കിൻഫ്ര 1431 കോടി രൂപയുടെ നിക്ഷേപം സമാഹരിച്ചെന്നും 20304 തൊഴിലവസരങ്ങൾ സൃഷ്ടിച്ചുവെന്നും 185 യൂണിറ്റുകൾക്ക് ബിൽഡിംഗ് സ്പേസ് അലോട്ട് ചെയ്തെന്നും 130 ഏക്കറോളം സ്ഥലം ലീസൗട്ട് ചെയ്തെന്നും സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിക്ക് 177461 സ്ക്വയർ ഫീറ്റ് നൽകിയെന്നും, കിൻഫ്ര ഡിഫൻസ് പാർക്കിലെ ഒരു അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗും ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയും ഒഴികെ ബാക്കി എല്ലാ സ്ഥലവും കൊടുത്തു കഴിഞ്ഞുവെന്നും കിൻഫ്രയുടെ പക്കലുള്ള 94 ശതമാനം ഭൂമിയും 83 ശതമാനം ബിൽറ്റപ്പ് സ്പേസും അലോട്ട് ചെയ്തു കഴിഞ്ഞുവെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

കഴിഞ്ഞ ഒൻപതുമാസമാണ് എറ്റവും കൂടുതൽ നിക്ഷേപമുണ്ടായതെന്നും ടി കാലയളവിൽ 1400 കോടിയിൽപ്പരം രൂപയുടെ നിക്ഷേപമുണ്ടായെന്നും ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, ടാറ്റാ ഇൻഡസ്ട്രീസ്, ഫെയർ എക്സ്പോർട്ട്സ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഇവിടെ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) തിരുവനന്തപുരം ലൈഫ് സയൻസ് പാർക്കിന് വേണ്ടി ആദ്യഘട്ടത്തിൽ 70 ഏക്കർ ഭൂമിയും രണ്ടാംഘട്ടത്തിൽ 86 ഏക്കർ ഭൂമിയും ഏറ്റെടുത്തിട്ടുണ്ടെന്നും 70 ഏക്കർ ഭൂമിയിലെ അലോട്ടബിൾ ലാൻഡ് ഏകദേശം 58 ഏക്കറാണെന്നും അതിൽ 30 ഏക്കർ അലോട്ട്

ചെയ്തുകഴിഞ്ഞുവെന്നും 20 ഏക്കർ വാക്സിൻ മാനുഫാക്ചറിംഗ് യൂണിറ്റിനായി മാറ്റി വച്ചിട്ടുണ്ടെന്നും ബാക്കി ഏകദേശം 8 ഏക്കർ ഭൂമി മാത്രമാണ് ആദ്യ ഘട്ടവികസനത്തിനായുള്ളതെന്നും ആദ്യഘട്ട വികസനം കഴിയുന്ന മുറയ്ക്ക് രണ്ടാംഘട്ടം ആരംഭിക്കുന്നതാണെന്നും, റോഡ്, വൈദ്യുതി, കുടിവെള്ളം ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഈ പാർക്കിലുണ്ടെന്നും ഏകദേശം 1.86 കോടി രൂപയാണ് ഏക്കറിന് ഈടാക്കുന്നതെന്നും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള ചേർത്തല മെഗാ ഫുഡ് പാർക്കിന്റെ മൊത്തം വിസ്തൃതി 84.03 ഏക്കറാണെന്നും അതിൽ 68 ഏക്കർ ഡെവലപ്പ് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ഫുഡ് പാർക്ക് ഇതു വരെ ഉദ്ഘാടനം ചെയ്തിട്ടില്ലെങ്കിലും മൊത്തം ഭൂമിയും അലോട്ട് ചെയ്ത് വ്യവസായ പാർക്കുകൾ ആരംഭിച്ചിട്ടുണ്ടെന്നും ആധുനിക സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റടക്കം എല്ലാ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

മെഗാഫുഡ്പാർക്കിന്റെ സമീപത്തുതന്നെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററും പ്രവർത്തിക്കുന്നുണ്ടെന്നും അനുബന്ധ വ്യവസായങ്ങളുണ്ടാകുമെന്ന ലക്ഷ്യത്തോടെയാണ് ടി ഗ്രോത്ത് സെന്റർ സ്ഥാപിച്ചിട്ടുള്ളതെന്നും ടി സെന്ററിന്റെ മൊത്തം ഭൂമിയായ 194.75 ഏക്കറിൽ 176.01 ഏക്കർ ഡെവലപ്പ് ചെയ്തിട്ടുണ്ടെന്നും 151 ഏക്കർ അലോട്ടബിൾ ലാൻഡിൽ 149.32 ഏക്കർ ഭൂമി അലോട്ട് ചെയ്തു കഴിഞ്ഞുവെന്നും ഈ മാസം അവസാനത്തോടുകൂടി മൊത്തം ഭൂമിയും അലോട്ട് ചെയ്യാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും 2000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള റെസ്റ്റ് റൂം ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഇവിടെ ഒരുക്കിയിട്ടുണ്ടെന്നും മാനേജിംഗ് ഡയറക്ടർ വിശദീകരിച്ചു.

പാലക്കാട് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ 35.44 ഏക്കർ അലോട്ടബിൾ ലാൻഡിൽ 19.87 ഏക്കർ ഭൂമി അലോട്ട് ചെയ്ത് കഴിഞ്ഞുവെന്നും ബാക്കി 5.57 ഏക്കർ ഭൂമി ഈ മാസം അവസാനത്തോടെ അലോട്ട് ചെയ്തു കഴിയുമെന്നും എസ്.ഡി.എഫ്. ബിൽഡിംഗ് ആദ്യഘട്ടത്തിൽ 56000 സ്ക്വയർ ഫീറ്റും രണ്ടാം ഘട്ടത്തിൽ 61000 സ്ക്വയർ ഫീറ്റുമാണ് നിർമ്മിക്കുന്നതെന്നും എസ്.ഡി.എഫ്. ഫേസ് I-ൽ 37400 സ്ക്വയർ ഫീറ്റ് അലോട്ടബിൾ ഏരിയയിൽ 21622 സ്ക്വയർ ഫീറ്റ് അലോട്ട് ചെയ്തു കഴിഞ്ഞെന്നും ഫേസ് 2-ൽ 61000 സ്ക്വയർ ഫീറ്റിൽ അലോട്ടബിൾ ഏരിയ 43368 സ്ക്വയർ ഫീറ്റാണെന്നും അതിൽ 7884 സ്ക്വയർ ഫീറ്റ് ഇതിനകം നൽകിക്കഴിഞ്ഞുവെന്നും 2022 അവസാനത്തോടെ പൂർണ്ണമായും അലോട്ട് ചെയ്യാനാകുമെന്നാണ് കരുതുന്നതെന്നും അവിടെ കുടിവെള്ളം, വൈദ്യുതി, മറ്റു സൗകര്യങ്ങൾ എന്നിവയെല്ലാം ഒരുക്കിയിട്ടുണ്ടെന്നും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

കോഴിക്കോട് ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിന്റെ 310.71 ഏക്കർ ഭൂമിയിൽ 160.22 ഏക്കർ ഭൂമി ഡെവലപ് ചെയ്തിട്ടുണ്ടെന്നും ബാക്കി ഭൂമി സർക്കാർ നിർദ്ദേശമനുസരിച്ച് എയിംസ് സ്ഥാപിക്കുന്നതിന് മാറ്റിവച്ചിരിക്കുകയാണെന്നും 160.22 ഏക്കറിൽ അലോട്ടബിൾ ലാന്റ് ഏകദേശം 127 ഏക്കറാണെന്നും അതിൽ 120 ഏക്കറും അലോട്ട് ചെയ്തുകഴിഞ്ഞുവെന്നും ഇനി അലോട്ട് ചെയ്യാനുള്ളത് ഏകദേശം 6.85 ഏക്കറാണെന്നും ഈ മാസം അവസാനത്തോടുകൂടി അതും പൂർത്തിയാകുമെന്നും കെ.എസ്.ഐ.ഡി.സി. എം.ഡി. സമിതി മുമ്പാകെ ബോധിപ്പിച്ചു.

ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്റർ, കോഴിക്കോട് എല്ലാ സൗകര്യങ്ങളുമുള്ള പാർക്കാണെന്നും അത് പ്രത്യേക ക്ലസ്റ്ററായി ഡെവലപ് ചെയ്തിട്ടുണ്ടെന്നും കണ്ണൂർ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ 250 ഏക്കർ ഭൂമിയുള്ളതിൽ 150 ഏക്കർ ഡെവലപ് ചെയ്തിട്ടുണ്ടെന്നും 109 ഏക്കർ അലോട്ടബിൾ ലാന്റിൽ 79.49 ഏക്കർ ഭൂമിയും അലോട്ട് ചെയ്തു കഴിഞ്ഞുവെന്നും ബാക്കി ഭൂമി ഈ വർഷത്തോടുകൂടി അലോട്ട് ചെയ്യുവാൻ കഴിയുമെന്ന് കരുതുന്നതായും എം.ഡി. അറിയിച്ചു.

കുറ്റ്യാടിയിലെ കോക്കനട്ട് ഇൻഡസ്ട്രിയൽ പാർക്കിൽ 115.13 ഏക്കർ ഭൂമിയാണുള്ളതെന്നും പ്രസ്തുത സ്ഥലത്തിന്മേൽ കോടതിയിൽ കേസ് നിലവിലുണ്ടെന്നും ഭൂമി നിലവിൽ സിഡ്കോയുടെ കൈവശമാണെന്നും ഭൂമിയ്ക്ക് സർക്കാരിന്റെ പേരിൽ നികുതി അടയ്ക്കാനുള്ള അവകാശം ലഭിച്ചിട്ടുണ്ടെന്നും 15-20 ഏക്കറോളം കാട് വെട്ടിത്തെളിച്ച് വൃത്തിയാക്കിയിട്ടുണ്ടെന്നും എപ്പോൾ വേണമെങ്കിലും വ്യവസായം തുടങ്ങാനുള്ള സ്ഥിതിയിലാണെന്നും എം.ഡി. അറിയിക്കുകയുണ്ടായി.

കാസർഗോഡ് കെ.എസ്.ഐ.ഡി.സി. ഇൻഡസ്ട്രിയൽ സ്പേസിന് 1.99 ഏക്കർ ഭൂമിയാണുള്ളതെന്നും അത് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (എസ്.ഡി.എഫ്.) ആയി ഡെവലപ് ചെയ്യാൻ പോകുന്നതേയുള്ളൂവെന്നും കെ.എസ്.ഐ.ഡി.സി.-യിൽ ഏകദേശം 4000 കോടിയിൽപ്പരം രൂപയുടെ നിക്ഷേപ സമാഹരണവും പതിനായിരത്തിലധികം തൊഴിലവസരങ്ങളും സാധ്യമായിട്ടുണ്ടെന്ന് എം.ഡി സമിതിയെ അറിയിച്ചു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിൽ, വയനാട് ജില്ല ഒഴികെ 13 ജില്ലകളിലായി 40 വ്യവസായ പാർക്കുകളാണുള്ളതെന്നും 10 വ്യവസായ വികസന ഏരിയ, 27 വ്യവസായ വികസന പ്ലോട്ട്, 2 കയർ പാർക്ക് , മഞ്ചേരിയിലെ ഒരു ഫംഗ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവകളിലായി 2525 ഏക്കർ ഭൂമിയാണ് ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ളതെന്നും അതിൽ 300 ഏക്കറോളം ഭൂമി ചതുപ്പുനിലമായതിനാൽ അലോട്ട് ചെയ്യാൻ സാധിക്കുകയില്ലെന്നും ഏകദേശം 1963 ഏക്കർ ഭൂമി വിതരണം ചെയ്തു കഴിഞ്ഞുവെന്നും 140 ഏക്കർ ഡെവലപിംഗ്

സ്റ്റേജിലാണെന്നും 52 ഏക്കർ സ്ഥലം മാത്രമാണ് ഇനി വിതരണം ചെയ്യാനുള്ളതെന്നും 2500-ഓളം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു. ഇതോടൊപ്പം തന്നെ ഭൂമി നൽകുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ മൾട്ടിസ്റ്റോറീഡ് ബിൽഡിംഗ് നിർമ്മിച്ച് നൽകുന്നുണ്ടെന്നും ഇടയാറിൽ ഇത്തരത്തിൽ മൾട്ടിസ്റ്റോറീഡ് ബിൽഡിംഗ് പ്രവർത്തിക്കുന്നുണ്ടെന്നും പുഴയ്ക്കൽ പാടത്തും വരവൂർ പഞ്ചായത്തിലും ബിൽഡിംഗിന്റെ പണി പൂർത്തീകരിച്ചുവെന്നും ഇവയുടെ ഉദ്ഘാടനം നടത്തേണ്ടതുണ്ടെന്നും 40 വ്യവസായ എസ്റ്റേറ്റുകളിൽ 3 എണ്ണം അണ്ടർ ഡെവലപ്മെന്റ് സ്റ്റേജിലാണെന്നും അലോട്ട്മെന്റിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞുവെന്നും കട്ടിപ്പാറയിൽ രണ്ടു മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുമെന്നും കാസർഗോഡ് മടിക്കൈ പഞ്ചായത്തിൽ മാത്രമാണ് കുറച്ചുസമയം വേണ്ടിവരുന്നതെന്നും കൂടാതെ ഏകദേശം 124 ഏക്കർ സ്ഥലം വിവിധ കേസുകളിൽപ്പെട്ട് കോടതിയുടെ പരിഗണനയിലാണെന്നും ഭൂമിയുടെ 90-92 ശതമാനം അലോട്ട്മെന്റും നടന്നിട്ടുണ്ടെന്നും സഹകരണ സൊസൈറ്റി മുഖാന്തരം 300-ഓളം ഷെഡ്ഡുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ ബോധിപ്പിച്ചു.

കെ.എസ്.ഐ.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള ചിറയിൻകീഴ് മണ്ഡലത്തിലെ സയൻസ് പാർക്ക് പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന്, ആദ്യഘട്ടത്തിൽ ഏറ്റെടുത്ത 75 ഏക്കർ ഭൂമിയിൽ 5 ഏക്കറിന്മേൽ ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടെന്നും രണ്ടാംഘട്ടത്തിൽ 123 ഏക്കറാണുള്ളതെന്നും അതിൽ 86 ഏക്കർ വ്യവസായ വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുണ്ടെന്നും ബാക്കി 37 ഏക്കർ ഭൂമിയിന്മേലുള്ള കേസ് തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പഴയ ആക്റ്റ് പ്രകാരമാണോ പുതിയ ആക്റ്റ്പ്രകാരമാണോ ഭൂമി ഏറ്റെടുക്കേണ്ടത് എന്ന കാര്യത്തിൽ തീരുമാനമായിട്ടില്ലെന്നും ഇതിനായി 309 കോടി രൂപ കെട്ടി വച്ചിട്ടുണ്ടെന്നും അലോട്ട്മെന്റ് കഴിഞ്ഞപ്പോൾ പുതിയ നിയമപ്രകാരം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട കക്ഷികൾ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും പുതിയ ആക്റ്റ്പ്രകാരം ഏറ്റെടുക്കണമെങ്കിൽ പുതിയ നോട്ടിഫിക്കേഷൻ നൽകണമെന്നാണ് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതെന്നും റവന്യൂ വകുപ്പിൽ നിന്നും പുതിയ നിയമപ്രകാരം നോട്ടിഫൈ ചെയ്യണമെന്ന ഓർഡർ ഇഷ്യൂ ചെയ്തത് കഴിഞ്ഞയാഴ്ചയാണെന്നും ടി നിയമപ്രകാരം കൂടുതൽ തുക ഉടമകൾക്ക് കൊടുക്കേണ്ടിവരുമെന്നതിനാൽ റവന്യൂ-വ്യവസായ വകുപ്പുമന്ത്രി-മാരുടെ സംയുക്ത യോഗം ചേരുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

കുറ്റ്യാടി പാർക്കിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2008-ൽ ഏറ്റെടുത്ത കുറ്റ്യാടി പാർക്കിന് 115.17 ഏക്കർ ഭൂമിയാണുള്ളതെന്നും ടി ഭൂമിയുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ടുപോയ ഘട്ടത്തിൽ റബ്ബറിന്റെ വിലയുൾപ്പെടെ നൽകണമെന്ന് ഭൂവുടമകൾ ആവശ്യപ്പെട്ടതിനാൽ സർക്കാർ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും ആ കേസ് പെൻഡിംഗിലിരിക്കെ കോടതിയലക്ഷ്യം ഉണ്ടായതിനാൽ കളക്ടർ നിശ്ചയിച്ച തുക കെട്ടിവച്ചിട്ടുണ്ടെന്നും, നിയമപ്രശ്നമുള്ളതുകൊണ്ടാണ് പാർക്ക് ഡെവലപ്മെന്റുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിക്കാത്തതെന്നും ഇപ്പോൾ ഭൂനികുതി അടയ്ക്കാനുള്ള അനുവാദം ലഭിച്ചതിനാൽ അവിടെ നടപ്പിലാക്കേണ്ട വികസനപദ്ധതികളെ സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം ചേർന്നതിനുശേഷം അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണെന്നും തുടക്കത്തിൽ 15 ഏക്കറോളം ഭൂമിയാണ് വൃത്തിയാക്കിയിട്ടുള്ളതെന്നും കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

വ്യവസായ പാർക്കുകളിൽ സജീവമായി പ്രവർത്തിക്കുന്നവയുടെയും പ്ലോട്ടുകൾ ഏറ്റെടുത്തിട്ടും പ്രവർത്തിക്കാത്ത യൂണിറ്റുകളുടെയും വിവരങ്ങൾ സമിതി ആരായുകയുണ്ടായി. കിൻഫ്ര പാർക്കിലെ 1174 യൂണിറ്റുകളിൽ 53 യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലെന്നും ഇതുമായി ബന്ധപ്പെട്ട് 45 ദിവസം കൂടുമ്പോറും യോഗം ചേരുന്നുണ്ടെന്നും അടച്ചുപൂട്ടിയ യൂണിറ്റുകളുടെ ഭൂമി തിരികെ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കോവിഡ് പശ്ചാത്തലത്തിലാണ് ഇത്രയും യൂണിറ്റുകൾ അടച്ചുപൂട്ടാനിടയായതെന്നും കിൻഫ്ര മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. തോന്നയ്ക്കൽ ഗ്ലോബൽ ആയുർവേദിക് വില്ലേജിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരങ്ങൾ സമിതി ആരാഞ്ഞതിന് തോന്നയ്ക്കൽ ഗ്ലോബൽ ആയൂർവേദിക് വില്ലേജിനായി ഭൂമി ഏറ്റെടുത്തെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കാത്തത് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിക്കാത്തതു കൊണ്ടായിരുന്നുവെന്നും ഒരു മാസം മുമ്പാണ് ബോർഡ് രൂപീകരിച്ചതെന്നും ഗ്ലോബൽ സമാൻ ഗ്രൂപ്പാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതെന്നും കിൻഫ്രാ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. വർക്കലയിൽ 30 ഏക്കർ ഭൂമിയാണുള്ളതെന്നും ടെണ്ടർ ചെയ്തതിൽ ഗ്ലോബൽ സമാൻ ഗ്രൂപ്പാണ് ലോവസ്റ്റ് റേറ്റ് ക്വാട്ട് ചെയ്തതെന്നും കോവിഡ് മൂലമുള്ള സാമ്പത്തിക പ്രതിസന്ധി കാരണം നൂറ് കോടി രൂപയുടെ പ്രോജക്ട് കരാറുകാരൻ ഏറ്റെടുക്കുവാൻ കാലതാമസം വന്നതിനാൽ പ്രസ്തുത കരാർ റദ്ദുചെയ്ത് വീണ്ടും താൽപര്യപത്രം ക്ഷണിക്കുവാൻ ബോർഡ് തീരുമാനിച്ചുവെന്നും റിവൈസ്ഡ് ഇ.ഒ.ഐ. തയ്യാറാക്കിയിട്ടുണ്ടെന്നും ഈ മാസം ചേരുന്ന

ബോർഡ് യോഗത്തിൽ തീരുമാനമെടുത്താൽ ഫെബ്രുവരി - മാർച്ച് മാസത്തോടുകൂടി പ്രവൃത്തി തുടങ്ങുവാൻ സാധിക്കുമെന്നും കിൻഫ്രാ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് പ്ലോട്ടുകളും ഷെഡ്ഡുകളും വാടകയ്ക്ക് കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഭൂമി റെന്റൽ ബേസിസിൽ ആയതുകൊണ്ട് മോർട്ട്ഗേജ് ചെയ്ത് വർക്കിംഗ് കാപിറ്റൽ ഫണ്ട് കൊടുക്കാൻ സാധിക്കുന്നില്ലെന്നും അവർക്കും മറ്റുള്ള സംരഭകരെപ്പോലെ ലീസിന് ലാന്റ് മാറ്റിക്കൊടുക്കണമെന്നും അല്ലെങ്കിൽ ഔട്ട്റൈറ്റ് പർച്ചേസിനുള്ള അവസരം നൽകണമെന്നുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ഷെഡ്ഡുകൾക്ക് അലോട്ട്മെന്റ് റൂൾസ് വന്നിട്ടില്ലെന്നും എസ്.സി/ എസ്.ടി. വിഭാഗത്തിന് മാത്രമല്ല ഷെഡ്ഡിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്കൊന്നും മോർട്ട്ഗേജ് ലഭിക്കുന്നില്ലെന്നും റെന്റൽ ബേസിസിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് മോർട്ട്ഗേജ് നൽകേണ്ടതെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടെന്നും ആയതിനാൽ റൂൾസ് പ്രാബല്യത്തിൽ വരുമ്പോൾ പരിശോധിച്ച് മാറ്റം വരുത്താമെന്നും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

പുഴയ്ക്കൽ പാടം, വരവൂർ എന്നിവിടങ്ങളിലെ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പുഴയ്ക്കൽ പാടത്ത് 11 ഏക്കർ സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും അപ്രോച്ച് റോഡിന്റെ നിർമ്മാണം മാത്രമാണ് പൂർത്തിയാക്കാനുള്ളതെന്നും വരവൂരിലെ പ്രവൃത്തിയും ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും അലോട്ട്മെന്റിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഈ വർഷം പ്രവൃത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്താൻ സാധിക്കുമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. അത്താണി, വേളക്കോട്, അയ്യന്തോൾ എന്നീ വ്യവസായ പാർക്കുകളിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി അടുത്ത വർഷത്തെ ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുവാൻ ആവശ്യപ്പെടുമെന്നും ഒന്ന് രണ്ട് വർഷത്തിനുള്ളിൽ എല്ലാ വ്യവസായ എസ്റ്റേറ്റുകളും നവീകരിക്കുന്നതിനുള്ള ശ്രമം നടത്തി വരികയാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

അത്താണിയിലെ വ്യവസായ എസ്റ്റേറ്റിൽ നിലവിലുള്ള സ്ഥലം പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെന്ന പരാതി നിലനില്ക്കുന്നുണ്ടെന്നും സംരംഭകർക്ക് ലഭിച്ച സ്ഥലങ്ങളുടെ രേഖകൾ കൃത്യമല്ലാത്തതിനാൽ, വേറെ ഭൂമി വാങ്ങി പണയപ്പെടുത്തി ലോണെടുത്ത് സംരംഭം ആരംഭിക്കേണ്ട സ്ഥിതിയാണുള്ളതെന്നും സമിതി ചൂണ്ടിക്കാട്ടുകയും മുൻകാലങ്ങളിൽ പട്ടയം ഉണ്ടെങ്കിൽ മാത്രമേ ഭൂമി നൽകിയിരുന്നുള്ളുവെന്നും ഇപ്പോൾ പട്ടയം വേണമെന്നില്ലെന്നും വ്യവസായ വകുപ്പും ബാങ്കും സംരംഭകരും ചേർന്ന് ഒരു

tripartite എഗ്രിമെന്റ് വച്ചാണ് സ്ഥലം നൽകികൊണ്ടിരിക്കുന്നതെന്നും ഇപ്പോൾ വായ്പയുടെ കാര്യത്തിൽ യാതൊരു തടസ്സവുമില്ലെന്നും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയും ചെയ്തു.

അത്താണി വ്യവസായ എസ്റ്റേറ്റിന് വേണ്ടി SILK -ന്റെ കുറച്ച് സ്ഥലം എടുത്തതുമായി ബന്ധപ്പെട്ട് കാർത്തിക റൈസ് മില്ലുമായി തർക്കം നിലനില്ക്കുന്നുണ്ടെന്നും അതു സംബന്ധിച്ച് പരിശോധന നടത്തണമെന്നും സമിതി ആവശ്യപ്പെട്ടു.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുകീഴിലുള്ള ഭൂമി അലോട്ട് ചെയ്യുമ്പോൾ മൂന്ന് പ്രശ്നങ്ങൾ നിലനില്ക്കുന്നുണ്ടെന്നും ഓരോ കമ്പനിക്കും അലോട്ട് ചെയ്യുന്ന ഭൂമി മുഴുവനും ഉപയോഗിക്കാതെ നിഷ്ക്രിയമായിരിക്കുന്നുവെന്നതാണ് ഒന്നാമത്തെ പ്രശ്നമെന്നും രണ്ടാമതായി കുറെ സ്ഥലങ്ങൾക്ക് വാടക കൃത്യമായി ലഭിക്കുന്നുണ്ടെങ്കിലും ആ ഭൂമി ഉപയോഗശൂന്യമായി കിടക്കുന്ന അവസ്ഥയുണ്ടെന്നും മൂന്നാമതായി ഫാക്ടറികൾ ആരംഭിച്ച് കഴിഞ്ഞതിനുശേഷം അവ നല്ല രീതിയിൽ പ്രവർത്തിക്കാത്തതു കൊണ്ട് ആ ഭൂമി സബ്ലെറ്റ് (sublet) ചെയ്ത് ചിലയാളുകൾ ലാഭകച്ചവടം നടത്തുന്നുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

വ്യവസായ ആവശ്യത്തിനല്ലാതെ ഭൂമി ഉപയോഗിക്കുന്നുണ്ടെന്നും അത്തരത്തിലുള്ള ഭൂമി തിരികെ ഏറ്റെടുത്ത് ആവശ്യക്കാർക്ക് നൽകേണ്ടതുണ്ടെന്നും ആവശ്യക്കാരായ സംരംഭകർക്ക് പ്ലോട്ട് ലഭിക്കാത്ത സ്ഥിതി വിശേഷം ഉണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

2019-2020, 2020-2021 വർഷങ്ങളിൽ തീരെ ഉപയോഗിക്കാതിരുന്ന 56 ഏക്കറോളം ഭൂമി തിരിച്ചെടുത്ത് അലോട്ട് ചെയ്തിട്ടുണ്ടെന്നും വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ പൂർണ്ണമായും തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും ഭൂമി വീണ്ടെടുക്കുന്നതിനായി നിർബന്ധമായും കത്ത് കൊടുക്കുകയും സ്ഥലം തിരിച്ചെടുക്കുകയും ചെയ്യാറുണ്ടെന്നും എന്നാൽ സംരംഭകരുമായി എഗ്രിമെന്റിൽ ഏർപ്പെട്ടശേഷം 24 മാസം കഴിഞ്ഞ് ഫാക്ടറി ആരംഭിച്ചാൽ മതിയെന്ന് നിലവിൽ വ്യവസ്ഥയുണ്ടെന്നും ആയതിനാൽ 2 വർഷം കഴിഞ്ഞുമാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളുവെന്നും സിഡ്കോ മാനേജർ സമിതിയെ അറിയിച്ചു. കൂടാതെ അത്താണി ഭാഗത്ത് തന്നെ രണ്ടര മൂന്നേക്കർ ഭൂമി തിരിച്ചെടുക്കുകയും അത് മറ്റ് വ്യവസായ യൂണിറ്റുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്ന് സിഡ്കോ മാനേജർ സമിതി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി.

വ്യവസായിക ആവശ്യത്തിന് അലോട്ട് ചെയ്യുന്ന ഭൂമി ആ ആവശ്യത്തിന് ഉപയോഗിക്കാതെ നിഷ്ക്രിയമായി കിടക്കുകയാണെങ്കിൽ അത് തിരിച്ചെടുക്കാനുള്ള വ്യവസ്ഥ വേണമെന്ന് സമിതി നിർദ്ദേശിച്ചു.

വ്യവസായ വകുപ്പിന്റെ കീഴിൽ ഉപയോഗയോഗ്യമായതും എന്നാൽ ഉപയോഗിക്കാതെ കിടക്കുന്നതുമായ ധാരാളം ഭൂമിയുണ്ടെന്നും അവ ഏറ്റെടുത്ത് വ്യവസായ പാർക്കുകൾ തുടങ്ങുന്ന കാര്യം ആലോചിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ ഒരു പഠനം നടത്താൻ റിയാബിനോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും മൊത്തം പബ്ലിക് അണ്ടർടേക്കിംഗ് കമ്പനികളുടെയും സ്റ്റാറ്റസ് എടുത്തിട്ടുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏക്കറുകണക്കിന് ഭൂമി വ്യവസായ എസ്റ്റേറ്റുകൾക്കുവേണ്ടി ഏറ്റെടുത്തിട്ടുണ്ടെന്നും ആ ഭൂമികളൊന്നും തന്നെ കാര്യക്ഷമമായി ഉപയോഗിക്കുന്നില്ലെന്നും പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം ഉത്പാദന മേഖലയിൽ നിർബന്ധിത വകയിരുത്തൽ നടത്തിയ തുക വിനിയോഗിക്കുന്നതിനായി മിക്കവാറും എല്ലാ ഗ്രാമപഞ്ചായത്തുകളും മൂന്നോ നാലോ ഏക്കർ ഭൂമി വ്യവസായ എസ്റ്റേറ്റുകൾക്കുവേണ്ടി ഏറ്റെടുക്കുകയാണ് ചെയ്തിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു.

2022 സംരംഭക വർഷമായിട്ടാണ് ആചരിക്കുന്നതെന്നും ഒരു ലക്ഷം വ്യവസായങ്ങൾ സംസ്ഥാനത്ത് കൊണ്ടുവരാനുള്ള ശ്രമത്തിലാണെന്നും ഇതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൈവശമുള്ള മുഴുവൻ ഭൂമിയുടെയും കണക്കെടുത്തിട്ടുണ്ടെന്നും ബഡ്ജറ്റിൽ 40 കോടിയോളം രൂപ മാറ്റി വച്ചിട്ടുണ്ടെന്നും 2022 ജനുവരി 12 -ാം തീയതി സഹകരണ ബാങ്ക് പ്രതിനിധികളുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം വിളിച്ചിട്ടുണ്ടെന്നും കയർ വ്യവസായത്തിന്റെ കാര്യത്തിൽ കായലിനോട് ചേർന്ന മേഖലയിൽ സി.ആർ.ഇസഡ്. (Coastal Regulation Zone)-മായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉള്ളതിനാൽ അതിന് പരിഹാരം കാണേണ്ടതുണ്ടെന്നും സമിതി ചെയർമാൻ അറിയിച്ചു.

മൺട്രോത്തുരുത്തിൽ രണ്ട് വർഷം മുമ്പ് ഒരു കയർ വ്യവസായ സംരംഭം ആരംഭിച്ചിരുന്നുവെന്നും അതിപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നില്ലെന്നും അക്കാര്യം ശ്രദ്ധിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ലാൻഡ് അലോട്ട്മെന്റ് ഇപ്പോൾ ഓൺലൈനാക്കിയിട്ടുണ്ടെന്നും സിംഗിൾ വിൻഡോ ക്ലിയറൻസ് സൈറ്റ് മുഖേന ലാൻഡ് ഏത് എസ്റ്റേറ്റിലാണ് സ്ഥിതി ചെയ്യുന്നതെന്നും മൊത്തം എത്ര വിസ്തൃതി സ്ഥലമുണ്ടെന്നും എന്നതിന്റെ ചിത്രമുൾപ്പെടെ അറിയുവാൻ സാധിക്കുമെന്നും ഓൺലൈനിൽ ലാൻഡ് ബുക്ക് ചെയ്യുവാനും സാധിക്കുമെന്നും ഭൂമിയുടെ വാല്യൂ കണക്കാക്കുന്നതിനുള്ള മാനദണ്ഡം ഓരോ കമ്പനിക്കും വ്യത്യസ്തമാണെന്നും സമിതി ചെയർമാൻ അറിയിച്ചു.

ഭൂമി വാങ്ങുന്നതിനുള്ള വായ്പയ്ക്ക് അഞ്ച് വർഷത്തേക്ക് പലിശ വേണ്ട എന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നതെന്നും നിക്ഷേപത്തിനാണെങ്കിൽ പലിശ 'ഈടാക്കുമെന്നും,' കിഫ്ബിയിൽ നിന്നുള്ള വായ്പയായതുകൊണ്ട് പെട്രോ കെമിക്കൽസിൽ നിന്നു മാത്രം 9 ശതമാനം പലിശ ഈടാക്കുന്നുണ്ടെന്നും സിഡ്കോ മാനേജർ സമിതി മുമ്പാകെ ബോധിപ്പിച്ചു.

ലാൻഡ് അക്വിസിഷൻ കോസ്റ്റും ഡെവലപ്പ്മെന്റ് കോസ്റ്റും ചേർത്ത് 6 ശതമാനമാണ് ഡി.ഐ.സി. പലിശയായി ഈടാക്കിയിരുന്നതെന്നും ഇപ്പോൾ അത് 10 ശതമാനമാക്കിയിട്ടുണ്ടെന്നും ഫെയർ വാല്യൂ ആക്കണമെന്ന നിർദ്ദേശം വന്നിരുന്നെങ്കിലും ലാൻഡ് റൂൾസ് നിലവിൽ വരുമ്പോൾ മാത്രമേ അത് പ്രാവർത്തികമാകുകയുള്ളൂവെന്നും നിലവിൽ പഴയ നിരക്കിന്റെ കൂടെ ഓരോ വർഷവും 10 ശതമാനം കൂട്ടുകയാണ് ചെയ്യുന്നതെന്നും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കിൻഫ്ര ചെയ്യുന്ന അതേ രീതി തന്നെയാണ് പിൻതുടരുന്നതെന്ന് കെ.എസ്.ഐ.ഡി.സി. മാനേജിംഗ് ഡയറക്ടറും സമിതിയെ അറിയിയ്ക്കുകയുണ്ടായി.

2. <u>2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്</u>

(ഫയൽ നമ്പർ 1325/സബ്.സി.ബി2/2018/നി.സെ.)

2018-19-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 45,49,50 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. <u>2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്</u>

(ഫയൽ നമ്പർ 3018/സബ്.സി.ബി2/2019/നി.സെ.)

2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ 3-11, 19-22, 35, 37, 38, 39, 50 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. <u>സമിതിയുടെ ഖാദി മേഖലയിലെ സോളാർ പാനൽ സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ഇടക്കാല റിപ്പോർട്ട്</u>

(ഫയൽ നമ്പർ 5129/സബ്.സി.ബി2/2017/നി.സെ)

സമിതിയുടെ ഖാദി മേഖലയിലെ സോളാർ പാനൽ സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ഇടക്കാല മറുപടി സമിതി അംഗീകരിക്കുകയും അന്തിമ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

5. സമിതിയുടെ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് സംബന്ധിച്ച റിപ്പോർട്ട്

(ഫയൽ നമ്പർ 3918/സബ്.സി.ബി2/2018/നി.സെ)

സമിതിയുടെ ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് സംബന്ധിച്ച റിപ്പോർട്ടിലെ 1,2,3 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള റിപ്പോർട്ട്, സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടിലുൾപ്പെട്ട കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള നടപടി റിപ്പോർട്ട് എത്രയുംവേഗം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

6. 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക എന്നിവയുടെ പരിഗണന സംബന്ധിച്ച്

(ഫയൽ നമ്പർ 1614/സബ്.സി.ബി2/2020/നി.സെ.)

2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 8-19, 38, 40 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും കാലതാമസപത്രികകളും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

7. 2018-19, 2019-20, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകളുടെ പരിഗണന

കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പ് (2018-19), സിഡ്കോ (2018-19), ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് (2019-20), കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ (2019-20), സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് (2019-20), കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (2019-20), കിൻഫ്ര (2019-20), (2020-21), കെൽട്രോൺ (2019-20) എന്നീ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളിന്മേലുള്ള കാലതാമസപത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.45-ന് പിരിഞ്ഞു.